ശ്രീ. സി. ബി. സി. വാര്യർ: സർ, ബഹുമാനപ്പെട്ട സരസ്വതിയമ്മ പറഞ്ഞതിലും ബഹുമാനപ്പെട്ട ജോസഫ് പറഞ്ഞതിലും ബഹുമാനപ്പെട്ട കരുണാകരൻ പറഞ്ഞതിലും ബഹുമാനപ്പെട്ട നഹ പറഞ്ഞതിലുമെല്ലാം തന്നെ അങ്ങയുടെ റൂളിംഗിനെ ആക്ഷേപിക്കുന്നതരത്തിൽ ആണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. ടി. എം. ജേക്കബ്: സർ, ഇൻസിനുവേഷനാണെന്ന് ബഹുമാനപ്പെട്ട വാര്യർ പറഞ്ഞു. അഴിമതിയുടെ പ്രശ്നം ചർച്ചചെയ്യണമെന്നാണ് ഞങ്ങളാവശ്യപ്പെട്ടത്. അതു ചർച്ചചെയ്തില്ല. ചർച്ചചെയ്തശേഷമാണെങ്കിൽ.....

ശ്രീ. പി. സീതിഹാജി: സർ, എനിക്കൊരു പ്രധാനപ്പെട്ട കാര്യം പറയാനുണ്ട്. ഞാൻ രാവിലെതന്നെ പറഞ്ഞിരുന്നതാണ്. അങ്ങു വാക്കു പാലിക്കണം. (ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട പല അംഗങ്ങൾക്കും പല കാര്യങ്ങളെപ്പറ്റിയും സബ്മിഷൻ രൂപത്തിൽ അവതരിപ്പിക്കാൻ കാണും. പക്ഷേ, എല്ലാ കാര്യങ്ങളും ഈ സഭയിലുന്നയിക്കാൻ കഴിഞ്ഞെന്നുവരില്ല. ഇന്ന് നിയമനിർമ്മാണ നടപടിക്കുള്ള സമയംതന്നെ വളരെയേറെ കഴിഞ്ഞിരിക്കുകയാണ്. ഇപ്പോഴത്തന്നെ മണി 10.30 ആയി. എത്രയാലും ഇപ്പോൾ അതിനു സമയം അനുവദിക്കാൻ നിവൃത്തിയില്ല.

(ബഹളം)

IV. നിയമനിർമ്മാണകാര്യം

(i) 1981-ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബിൽ

Minister for Finance and Law (**Shri K. M. Mani**):

Sir, I move that the Kerala General Sales Tax (Amendment) Bill, 1981 as reported by the Subject Committee. I move that the bill be taken into consideration.

Minister of Education (**Shri Baby John**) Sir, I second it.

ശ്രീ. കെ. എം. മാണി: പൊതു വിൽപ്പന നികുതി (ഭേദഗതി) ബില്ലിലെ വ്യവസ്ഥകളിൽ കാതലായ മാറ്റങ്ങളൊന്നും ആവശ്യമില്ല എന്ന അഭിപ്രായമാണ് സബ്ജക്റ്റ് കമ്മിറ്റിക്കുള്ളത്. അതുകൊണ്ട് ബില്ല് അതേപടി പാസ്സാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് സബ് ജക്ട്കമ്മിറ്റി തിരിച്ചയച്ചിട്ടുള്ളത്. എത്രയും വേഗം നിയമസഭ ഈ ബില്ല് പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. സുന്ദരൻ നാടാർ: ഞാനെന്റെ ഭേദഗതി അവതരിപ്പിക്കുന്നു. "I move that the Kerala General Sales Tax (Amendment) Bill, 1981 be circulated for eliciting public opinion. സർക്കാർ ഈ ബില്ലിൽ ഏകമുഖ വിൽപ്പന നികുതിക്ക് വിധേയമാകുന്ന മൊത്തം വിൽപ്പനത്തുക പതിനായിരത്തിൽനിന്ന് പതിനയ്യായിരം രൂപവരേയും

LIBRARY ARCHIVES Kerala Legislative Assembly

ബഹുമുഖ വിൽപ്പന നികുതി മൊത്ത തുക മുപ്പത്തയ്യായിരത്തിൽനിന്നും അമ്പതിനായിരം രൂപവരേയും ടാക്സിൽനിന്ന് ഒഴിവാക്കിയിരിക്കുന്നതായാണ് കാണുന്നത്. ഈ വർദ്ധനവുകൊണ്ട് ചെറുകിട കച്ചവടക്കാർക്ക് യാതൊരു പ്രയോജനവും ലഭിക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മിപ്പിക്കുകയാണ്. യഥാർത്ഥത്തിൽ ചെറുകിട കർഷകർക്ക് പ്രയോജനം നൽകണമെങ്കിൽ സെക്ഷൻ അഞ്ച് (ബി) യും സെക്ഷൻ അഞ്ച് (എ) യും വകുപ്പുകളിൽ പറയുന്ന പതിനയ്യായിരം രൂപയെന്നുള്ളത് ഉയർത്തണം. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറ് ഇന്ന് കുത്തഴിഞ്ഞ ഒരു പുസ്തകമായി മാറിയിരിക്കുകയാണ്. അസസ്സ്മെൻറ് നടത്തുന്നതിന് യാതൊരു മാനദണ്ഡവും ചിട്ടയുമില്ലാതെ പ്രവർത്തിക്കുന്ന ഡിപ്പാർട്ടുമെൻറായി മാറിയിരിക്കുകയാണ്. പാവപ്പെട്ട കൊച്ചു കച്ചവടക്കാരെ ഭയപ്പെടുത്തി അവരെ നശിപ്പിക്കുന്ന രീതിയിലുള്ള അസസ്സ്മെൻറുകളും നടത്തുന്നു. ശരിയായ അസസ്സ്മെൻറ് നടത്താൻ പ്രത്യേക മാർഗ്ഗ നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രി നൽകുമെന്ന് വിശ്വസിക്കുന്നു. അതുപോലെതന്നെ മറൊരു പരാതി സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളമുണ്ട്. കഴിഞ്ഞ വർക്ക് ടു റൂൾ സമരത്തിൽ പങ്കെടുത്ത എൽ.ഡി.യു.ഡി. ക്ലാർക്കുമാരെ ഡയസ്നോണിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. അതിനു പരിഹാരം ഉണ്ടാക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറിലെ ഭൂരിപക്ഷം ഓഫീസുകളിലും ഇന്ന് ക്ലാർക്കുമാരുടെ ഒഴിവുകൾ നികത്താത്ത ഒരു സ്ഥിതിവിശേഷമുണ്ട്. പാവപ്പെട്ട കച്ചവടക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ കണക്കുകൾ അസസ്സ്മെൻറ് നടത്തിക്കുന്നതുപോലുള്ള കാര്യങ്ങൾ കൃത്യമായി ചെയ്യുന്നതിനും പറ്റാത്ത ഒരു സാഹചര്യം അവിടെ ഉണ്ടായിരിക്കുകയാണ്. അതുകൊണ്ട് ആ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിരമായി നടപടികൾ എടുക്കുകയും അതുപോലെ തന്നെ യാതൊരു മാനദണ്ഡവും ഇല്ലാതെ പാവപ്പെട്ട കച്ചവടക്കാരെ വിഷമിപ്പിക്കുന്ന അസസ്സ്മെൻറ് സമ്പ്രദായം അവസാനിപ്പിക്കുന്നതിനും ചിട്ടയോടുകൂടി ടാക്സ് പിരിക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കുന്നതിനും ശ്രമിക്കണമെന്നു പറഞ്ഞുകൊണ്ട് എൻെറ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ഈ ബില്ല് പാസ്സാക്കുന്നതിനു മുമ്പ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ ആദ്യം സൂചിപ്പിച്ച കാര്യങ്ങൾ ഒന്നുകൂടി ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കാർഷിക രംഗത്ത്, കാഷ്യൂ ക്രോപ്പിൻെറ രംഗത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതുപോലെ കർഷകനു ആനുകൂല്യങ്ങൾ ചെയ്തു കൊടുക്കുന്നതുപോലെ നമ്മുടെ ഏറ്റവും വലിയ ഭക്ഷ്യ പദാർത്ഥമായ നെൽക്കൃഷിയുടെ കാര്യത്തിൽ ഗവൺമെൻറ് സത്വരമായി ശ്രദ്ധ ചെലുത്തണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ഇന്ത്യാ രാജ്യത്ത് ഇന്ന് പഞ്ചാബിലും, ഹരിയാനായിലും, ആന്ധ്രയിലും, മദ്രാസിലും ഒക്കെ കൊടുക്കുന്ന ആനുകൂല്യങ്ങളെക്കാൾ ചെറിയ ഒരു ശതമാനമെങ്കിലും ഇവിടെ കൊടുക്കേണ്ടതാണ്. സെയിൽസ് ടാക്സിൻെറ കാര്യവും മറ്റും വരുന്ന ഈ അവസരത്തിലെങ്കിലും ഒരു കാര്യം ആലോചിക്കുന്നത് നന്നായിരിക്കും. ഈ ടാക്സിൽനിന്നും കൃഷിക്കാരെ ഒഴിവാക്കി എന്നു പറയുന്നതിനോടൊപ്പം മറ്റ് എല്ലാ നികുതികളിൽനിന്നും പ്രത്യേകിച്ച് നെൽകൃഷിക്കാരെ ഒഴിവാക്കണമെന്ന് ഞാൻ ഒന്നുകൂടി ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. വാസുദേവമേനോൻ)

ശ്രീ. ടി. എം. ജേക്കബ്; സർ, ഇവിടെ, ധനകാര്യ വകുപ്പുമന്ത്രി സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ജനറൽ സെയിൽസ് ടാക്സ് ബിൽ വീണ്ടും അവതരിപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസം ഈ ബില്ല് അവതരിപ്പിച്ചുകൊണ്ട് ഇതിന്റെ വിശദാംശങ്ങളെക്കുറിച്ച് പറയുകയുണ്ടായി. അന്ന് അദ്ദേഹം ഇവിടെ പറഞ്ഞ ഒരു കാര്യം അദ്ദേഹത്തിന്റേയും, ഗവൺമെന്റിന്റേയും ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഇന്ന് വിൽപ്പന നികുതി ഈടാക്കുന്നതിനെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. കച്ചവടക്കാരുടെ ഭാഗത്തുനിന്ന് ആണെങ്കിലും ശരി അതുപോലെതന്നെ നിയമവുമായി ബന്ധപ്പെട്ട മറ്റ് ആളുകളുടെ ഭാഗത്തുനിന്ന് ആണെങ്കിലും ശരി ഇതിനെക്കുറിച്ച് പരാതികളും ആക്ഷേപങ്ങളും ഉണ്ടാകാറുണ്ട്. ഇവിടെത്തന്നെ പല സാഹചര്യങ്ങളേയും സെയിൽസ് ടാക്സിൽനിന്നും ഒഴിവാക്കണമെന്ന ആവശ്യവും പൊന്തി വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി, പ്രത്യേകമായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുകൊണ്ട് എക്സംപ്ഷൻ കൊടുക്കാമെന്ന്. നമ്മുടെ സംസ്ഥാനത്തെ ഒരു പൊതു മേഖലാ സംരംഭമാണ് കൂത്താട്ടുകുളത്ത് പ്രവർത്തിക്കുന്ന ബേക്കൺ ഫാക്ടറി. അവിടെ ഉൽപ്പാദിപ്പിക്കുന്ന പ്രോഡക്റ്റിന് ഇന്ന് സെയിൽസ് ടാക്സ് ഈടാക്കുന്നുണ്ട്. അത് പ്രോസൺ മീറ്റ്സ് ആൻഡ് മീറ്റ് പ്രോഡക്റ്റ്സ് എന്നുള്ള നിലയിൽ അതിന് സെയിൽസ് ടാക്സ് ഈടാക്കിവരുന്നു. വളരെയേറെ മൽസരമുള്ള രംഗത്താണ് ഈ ഫാക്ടറി പ്രവർത്തിക്കുന്നത്. ഞങ്ങളുടെ നാട്ടിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം വളരെയേറെ നഷ്ടത്തിലും അതുപോലെ മറ്റ് പ്രശ്നങ്ങളിലും കൂടി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നതുകൊണ്ട് അതിനെ ഉദ്ധരിക്കാനുള്ള നടപടി സ്വീകരിച്ചു. കുറെയെല്ലാം വിജയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നം വിറ്റഴിക്കാനുള്ള അവസരം ഉണ്ടാക്കണം. നാട്ടിൻപുറങ്ങളിൽ മാംസം കിട്ടുന്നതിനുള്ള സൗകര്യം ധാരാളമുണ്ട്. ആളുകളെ സംബന്ധിച്ച് പറയുമ്പോൾ നല്ല മാംസം കിട്ടുന്നമെന്ന് ആഗ്രഹിക്കുന്നു. വില കുറച്ച് മാംസം കിട്ടണമെന്ന് ആഗ്രഹിക്കുന്നു. ഇന്ന് നാട്ടിൻപുറങ്ങളിൽ കിട്ടുന്ന മാംസത്തിന് നികുതിയില്ലാതെയിരിക്കുമ്പോൾ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഈ ഉൽപ്പന്നം പ്രോസൺ പ്രോഡക്റ്റ്സ് ആണെന്ന് പറഞ്ഞുകൊണ്ട് അതിന് നികുതി ഈടാക്കുന്നു. ഇന്ന് നമ്മുടെ ഈ കൂത്താട്ടുകുളത്ത് ബേക്കൺ ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നം മദ്രാസിലും, ബാംഗ്ലൂരിലും കൊണ്ടുപോയി വിൽപ്പന നടത്തുന്നു. മാംകോ എന്ന് പറയുന്ന മഹാരാഷ്ട്രയിലെ കമ്പനി മൽസര രംഗത്ത് വന്നിട്ടുണ്ട്. മഹാരാഷ്ട്രയിലെ ഗവൺമെന്റ് ഈ പ്രോസൺ പ്രോഡക്റ്റ്സിനെ സെയിൽസ് ടാക്സിൽനിന്ന് ഒഴിവാക്കിക്കൊടുത്തു എന്നുള്ള കാര്യം ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സ്വാഭാവികമായും മാംകോയോട് മൽസരിക്കേണ്ടിവരുന്ന കൂത്താട്ടുകുളത്തെ ബേക്കൺ ഫാക്ടറി ആ ഒരൊറ്റ കാരണംകൊണ്ട് ഇന്ന് പ്രതിസന്ധിയെ നേരിടുകയാണ്. ബാംഗ്ലൂരിലാണെങ്കിലും ശരി മദ്രാസിലാണെങ്കിലും ശരി നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട നഗരങ്ങളിലാണെങ്കിലും ശരി ഇന്ന് അതിന്റെ പ്രോഡക്റ്റ്സ് വിറ്റഴിക്കുന്നുണ്ട്. ആ പ്രോഡക്റ്റ്സിന് ന്യായമായ വില ലഭ്യമാകുന്നില്ലെങ്കിൽ നമ്മുടെ ഈ പൊതുമേഖല സംരംഭം നഷ്ടത്തിൽ കലാശിക്കും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു ഇങ്ങനെയുള്ള പ്രശ്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം ചൂണ്ടിക്കാണിച്ചാൽ നടപടിയെടുക്കാമെന്ന്. അദ്ദേഹം ലളിതമായി അത് ഇവിടെ പറഞ്ഞത് സെക്ഷൻ പത്ത് അനുസരിച്ച് എക്സംപ്റ്റ് ചെയ്തു കൊടുക്കാൻ സാധിക്കുമെന്നാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വളരെ ഗൗരവമായി ഇത് വീക്ഷിക്കണം. അങ്ങയുടെ നാടിന്റെ അടുത്തുള്ള ഒരു സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കേണ്ടത് ആവശ്യമാണെന്ന് കണ്ടുകൊണ്ട് ഇക്കാര്യം പരിഗണിക്കണമെന്ന് ആവശ്യപ്പെടുകയാണ്. കഴിഞ്ഞ ദിവസം അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ബില്ലിനെപ്പറ്റി ചർച്ച നടത്തി. കേന്ദ്ര നിയമത്തിലെ ചില വകുപ്പുകളെ അടിസ്ഥാനമാക്കി ട്രസ്റ്റിനെപ്പറ്റിയുമൊക്കെ അതിൽ ചില വ്യവസ്ഥകളുൾപ്പെടുത്തിയിട്ടുണ്ട്. ഞാനതിലേക്കു കടക്കുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൊണ്ടുവന്നിട്ടുള്ള സെയിൽസ് ടാക്സ് അസസ്സ്മെന്റിനെപ്പറ്റി ആക്ഷേപങ്ങളുണ്ടാകുന്നുണ്ട്. ബന്ധപ്പെട്ട അധികാരികൾക്ക് ആ ആക്ഷേപം സമർപ്പിക്കുന്നു. സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരിന്നു കച്ചവടക്കാരെ ബുദ്ധിമുട്ടിക്കുന്നുവെന്നു പരാതിയുണ്ട്. മന്ത്രി സമ്മതിച്ചാലുമില്ലെങ്കിലും പരാതിയുണ്ടെന്നുള്ളത് ഒരു സത്യമായി അവശേഷിക്കുന്നു. ടാർജെറ്റ് (target) ഫിക്സുചെയ്യുന്നതുകൊണ്ടാണ് ഇതു സംഭവിക്കുന്നതെന്നു പറഞ്ഞു. പക്ഷേ അദ്ദേഹം കഴിഞ്ഞ ദിവസം മറുപടി പറഞ്ഞപ്പോൾ ടാർജെറ്റിനെക്കുറിച്ച് പറഞ്ഞില്ല. ടാർജെറ്റു ഫിക്സു ചെയ്തുകൊടുത്താൽ അസസ്സ്മെന്റ് ചിലപ്പോൾ കൂടിയെന്നു വരാം. ടാർജെറ്റിലേക്കെത്തുന്നതിനുവേണ്ടി അസസ്സ്മെന്റു നടത്തുമ്പോൾ അതിനു സാധ്യതയുണ്ട്. അപ്പോൾ കച്ചവടക്കാരൻ അപ്പീലുമായി മുൻപോട്ടുപോകും. രണ്ടുതരം അപ്പീലുണ്ട്. ആദ്യത്തേത് അപ്പലേറ്റ് അസിസ്റ്റന്റ് കമ്മീഷണറുടെ മുൻപാകെയാണ്. രണ്ടാമത്തെ അപ്പീൽ ട്രൈബ്യൂണലിലാണ്. അങ്ങുതന്നെ കണക്കെടുത്താലറിയാം സംസ്ഥാനത്ത് ഇങ്ങനെയുള്ള നിരവധി കേസുകൾ കെട്ടിക്കിടക്കുന്നുണ്ട്. ഉദ്യോഗസ്ഥൻമാരതിനെപ്പറ്റി തരുന്ന റിപ്പോർട്ടുകൾ ശരിയാണെന്ന അഭിപ്രായം എനിക്കില്ല. ഇത്ര കേസുകൾ ഡിസ്പോസു ചെയ്യണം എന്നു ഗവൺമെന്റിന്റെ നിർദ്ദേശമുണ്ട്. അപ്പോൾ, ആ കേസുകൾ അതിന്റെ മെരിറ്റിലേക്കു കടക്കാതെ, അതൊന്നു കേൾക്കുകമാത്രം ചെയ്തശേഷം, ഡിസ്പോസു ചെയ്തതായി എഴുതി വയ്ക്കും. അപ്പീൽ പെറ്റീഷൻ കേട്ടശേഷം അതിന്റെ മെരിറ്റിലേക്കു കടന്ന് അവർക്ക്. എന്തെങ്കിലും കുറവ് കൽപ്പിച്ചുകൊടുക്കാൻ സാധിക്കുമെങ്കിൽ കൊടുക്കാതെ ഒരു ആർഡർ അങ്ങ് ഇഷ്യുചെയ്യും. ആർഡർ ഇഷ്യു ചെയ്തതായി താൽക്കാലികമായി ഫയലിൽ എഴുതി വയ്ക്കും. ഇത് ഗവൺമെന്റിന്റെ നിർദ്ദേശത്തെ മറികടക്കലാണ്. കാരണം ഗവൺമെന്റു പറഞ്ഞിരിക്കുന്നത് ഇത്ര കേസുകൾ തീർത്തിരിക്കണമെന്നാണ്. ആദ്യത്തെ അപ്പീലായാലും രണ്ടാമത്തെ അപ്പീലായാലും നിശ്ചിതമായ എണ്ണം കേസുകൾ തീർത്തിരിക്കണമെന്നുണ്ട്. ഇങ്ങനെ ഗവൺമെന്റിനെ കളിപ്പിച്ച് ഉദ്യോഗസ്ഥൻമാർ മനഃപൂർവ്വം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിനു പല കാരണങ്ങളും കാണും. ഞാൻ ആക്ഷേപമൊന്നും ഉന്നയിക്കാനാഗ്രഹിക്കുന്നില്ല. എന്തായാലും നികുതി പിരിക്കുന്ന ഉദ്യോഗസ്ഥൻമാരെപ്പറ്റി. ആക്ഷേപങ്ങളുണ്ട്. വാസ്തവത്തിൽ നികുതിയിൽനിന്ന് ഒഴിഞ്ഞുമാറാനാണെങ്കിൽ ഇവിടെ ലളിതമായ മാർഗ്ഗങ്ങളും വേറെയുണ്ട്. നിയമത്തിന്റെ പരിരക്ഷയൊന്നും ആവശ്യമില്ല. ഈയിടെ ഞാൻ, സെയിൽസ് ടാക്സിലും അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിലുമൊക്കെ പ്രാക്റ്റീസു ചെയ്യുന്ന ഒരഭിഭാഷകനെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു, നിയമമൊന്നും ഉദ്യോഗസ്ഥൻമാർക്കു പ്രശ്നമല്ല എന്ന്, പ്രശ്നം മറ്റുചിലതാണ്. അതെന്താണെന്ന് മന്ത്രിക്കുമറിയാം

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയിലുള്ളവർക്കും അറിയാം. നിയമം പോലും നോക്കാതെ അവർക്കു കിട്ടുന്ന ചില 'ആനുകൂല്യങ്ങളും' കിട്ടാൻ വേണ്ട നടപടികളും അവർ സ്വീകരിക്കുന്നു. ഇങ്ങനെ അനേകം കേസുകളും കെട്ടിക്കിടക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടു ചോദിക്കട്ടെ. അദ്ദേഹം അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിൽ ട്രസ്റ്റിനെപ്പറ്റി ഒരു തീരുമാനമെടുക്കുകയും ഇവിടെ നിയമസഭയിൽ ഒരു ഭേദഗതിയായി അവതരിപ്പിക്കുകയും അത് സബ്ജക്റ്റ് കമ്മിറ്റിക്കു പോകുകയും ചെയ്തിരിക്കുകയാണ്. അതു നല്ലകാര്യമായിരുന്നു. മന്ത്രികൂടി ശ്രദ്ധിക്കാൻ പറയുകയാണ്. അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിൽ ട്രസ്റ്റിന് ആനുകൂല്യങ്ങൾ കൊടുക്കാൻ അദ്ദേഹം തയ്യാറായിട്ടുണ്ട്. സാധാരണ ഗതിയിൽ ഒരാൾക്ക് അർഹമായതു കിട്ടാനുണ്ടെന്നു തോന്നലുണ്ടാകുമ്പോഴാണ് അയാൾ അപ്പീൽ പോകുന്നത്. അപ്പീൽ അനുവദിക്കുന്നു. അപ്പീൽ അനുവദിച്ചുകഴിഞ്ഞാൽ പണം തിരികെക്കൊടുക്കാൻ എന്തെങ്കിലും വ്യവസ്ഥ സെയിൽസ് ടാക്സ് നിയമത്തിലുണ്ടോ? 1963-ലെ സെയിൽസ് ടാക്സ് ആക്ട്. അതിനുശേഷം ബഹുമാനപ്പെട്ട ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി മുമ്പ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽത്തന്നെ കൊണ്ടുവന്ന ഭേദഗതിയുമൊക്കെ പരിശോധിച്ചാൽ സെയിൽസ് ടാക്സ് അസെസ്സിയുടെ കൈയിൽനിന്നും പണം ഈടാക്കാനും അവർക്കെതിരായി പീനൽ പ്രൊവിഷനുകൾക്കൊള്ളിക്കാനും ശ്രമം നടത്തിയിട്ടുണ്ട്; പെനാൽറ്റിയുടെ സ്ഥാനത്തു പീനൽ ഇൻറസ്റ്റ് കൊണ്ടുവന്നിട്ടുണ്ട്. 1976-ൽ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. കേസ് ജനുവിൻ ആണെന്നു തോന്നലുണ്ടാകുമ്പോഴാണല്ലോ അപ്പീലുമായി പോകുന്നത്. അപ്പീലുമായി ചെന്നിട്ട് അതു അനുവദിച്ചാലോ? അവർക്കു തോന്നുമ്പോഴാണു പണം മടക്കിക്കൊടുക്കുന്നത്. യാതൊരു നിബന്ധനയും അതിനില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിൽ കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ ചില തീരുമാനങ്ങളെടുത്തപ്പോൾ, ഞാൻ ചോദിക്കട്ടെ എന്തുകൊണ്ട് നമുക്ക് ഈ ജനറൽ സെയിൽസ് ടാക്സ് നിയമത്തിൽ അതിന് ഒരു വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൂടാ? ഇൻകം ടാക്സ് ആക്ടിൽ റീഫണ്ടിനെക്കുറിച്ചും റീഫണ്ടു താമസിച്ചാൽ അതിനു കൊടുക്കേണ്ട ഇൻറസ്റ്റിനെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. 1961-ലെ ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 240-ൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

"Where, as a result of any order passed in appeal or other proceeding under this Act, refund of any amount becomes due to the Assessee, the Income Tax Officer shall, except as otherwise provided in this Act, refund the amount to the assessee without his having to make any claim in that behalf".

സർ, അതുകഴിഞ്ഞിട്ട് സെക്ഷൻ 243-ലും സെക്ഷൻ 244-ലും ആണ് ഇതിനെ സംബന്ധിച്ചു കൂടുതൽ വ്യക്തമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥൻമാർക്കു കൊടുത്തിട്ടുള്ളത്. 243 സബ് സെക്ഷൻ (1)-ൽ പറയുന്നു:

If the Income Tax Officer does not grant the refund,—

(a) in any case where the total income of the assessee does not consist solely of income from interest on securities or dividends, within three months from the end of the month in which the total income is determined under this Act, and

LIBRARY ARCHIVES Kerala Legislative Assembly

(b) in any other case, within three months from the end of the month in which the claim for refund is made under this Chapter,

the Central Government shall pay the assessee simple interest at (12 per cent) per annum on the amount directed to be refunded from the date immediately following the expiry of the period of three months aforesaid to the date of the order granting the refund.

Explanation: If the delay in granting the refund within the period of three months aforesaid is attributable to the assessee, whether wholly or in part, the period of the delay attributable to him shall be excluded from the period for which interest is payable.

സർ, അതിനകത്തു വിശദമായി പറഞ്ഞിരിക്കുകയാണ്: 243 (1) if the Income Tax Officer does not grant the refund, (*a*) in any case where the total income of the assessee does not consist solely of income from interest on securities or dividends, within 3 months from the end of the months in which the total income is determined under this Act,.....അവിടെ ക്ലിയറായിത്തന്നെ പറഞ്ഞിരിക്കുകയാണ്. ഒന്നുകൂടി വ്യക്തമായി 244-ൽ പറഞ്ഞിട്ടുണ്ട്; 244(1)-ൽ പറഞ്ഞിരിക്കുന്നു:—

244 (1) *Interest on refund where no claim is needed*:—Where a refund is due to the assessee in pursuance of an order referred to in section 240 and the Income tax Officer does not grant the refund within a period of three months from the end of the month in which such order is passed, the central Government shall pay to the assessee simple interest at 12 per cent per annum on the amount of refund due from the date immediately following the expiry of the period of 3 months aforesaid to the dated on which the refund is granted.

സർ, അപ്പോഴും ഇതുവളരെ ക്ലിയറാണ്. ഞാൻ ഇവിടെ ഇതു ചൂണ്ടിക്കാണിക്കാൻ കാരണമുണ്ട്. അഗ്രികൾച്ചറൽ ഇൻകം ടാക്സിൽ ഒരു കേന്ദ്ര നിയമത്തെ അടിസ്ഥാനമാക്കിക്കൊണ്ട് ധനകാര്യമന്ത്രി തന്നെ ട്രസ്റ്റുകൾക്ക് ചില ആനുകൂല്യങ്ങൾ കൊടുക്കാൻ തയ്യാറായി. സർ, ഇത് ഒരു സ്വാഭാവിക നീതിയല്ലേ? ടാക്സ് പിരിക്കേണ്ടവരിൽനിന്നു പിരിക്കരുതെന്നു ഞാൻ പറയുന്നില്ല. നടപടി വേണ്ടേ എന്നു കഴിഞ്ഞ പ്രാവശ്യം മന്ത്രി ചോദിച്ചു, നടപടിയെടുക്കുന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു പരാതിയുമില്ല, പക്ഷേ യഥാർത്ഥത്തിൽ തിരികെ കിട്ടാനർഹതയുള്ള പണം തിരികെ കിട്ടാത്ത സാഹചര്യമുണ്ടായാൽ എന്തുചെയ്യും? സർ, എന്താണ് ഇവിടെ ഗവൺമെൻറവലംബിച്ചിരിക്കുന്ന നയമെന്നുവച്ചാൽ,— 1963-ലെ ആക്റ്റിൽ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ഞാനതു മുഴുവൻ വായിക്കാനാഗ്രഹിക്കുന്നില്ല. അതിൽ 23 (3)-ൽ പറയുന്നു:—

If the tax assessed or any other amount due under this Act or any instalment there of is not paid by any dealer or other person within the time specified therefor in the notice of demand or in the order permitting payment in instalments or within the time allowed for its

LIBRARY ARCHIVES Kerala Legislative Assembly

payment by the appellate or revising authority, the dealer or other person shall pay, by way of penalty, in the manner prescribed, in addition to the amount due, a sum equal to—

(*a*) half per cent of such amount for each month or part thereof for the first three months after the date specified for its payment;

(*b*) one per cent of such amount for each month or part thereof subsequent to the first three months aforesaid.

അതുകഴിഞ്ഞിട്ട്, ഇപ്പോഴത്തെ ധനകാര്യമന്ത്രി തന്നെ 1976-ൽ ധനകാര്യ മന്ത്രിയായിരുന്നപ്പോൾ ഭേദഗതി കൊണ്ടുവന്നു. സെക്ഷൻ 23-ന്റെ ഭേദഗതിയിൽ പറയുന്നു.—

Amendment of section 23:—In sub-section (3) of section 23 of the Principal Act,—

(*i*) In the opening paragraph, for the words, "by way of penalty", the words "by way of penal interest" shall be substituted

(*ii*) in clause (*a*), for the words "half per cent", the word; "one per cent" shall be substituted;

(*iii*) in clause (*b*), for the words "one pe rcent", the words "two per cent" shall be substituted. അവിടെ, ഇൻട്രൊഡ്യൂസ് ചെയ്തിരിക്കുന്നു. in clause (*b*), for the words "one per cent", the words "two per cent" shall be substituted. ഇതിൽനിന്നും അർത്ഥമാക്കേണ്ടത് എന്താണ്? സെയിൽസ് ടാക്സ് അസെസ്സ് ചെയ്യപ്പെട്ടിട്ടുള്ള ആളുകൾ അടയ്ക്കാതിരുന്നാൽ പലിശ എന്ന നിലയിൽ 24 ശതമാനം ഈടാക്കുക. സർക്കാരിനു കിട്ടേണ്ട പണം കിട്ടാതെവന്നാൽ 24 ശതമാനം പലിശ നിങ്ങളീടാക്കുന്നു. അപ്പോൾ സ്വാഭാവികമായും അപ്പീലനുവദിച്ച് അപ്പീലിൽ അർഹതപ്പെട്ട പണം കിട്ടാതെ വരുന്ന ആളുകളെ സംബന്ധിച്ച് ധനകാര്യ മന്ത്രിയുടെ സമീപനം എന്താണ്? ചെറുകിട കച്ചവടക്കാർക്ക് എക്സംപ്ഷൻ കൊടുക്കുന്നുവെന്നു മന്ത്രി പറഞ്ഞു. നല്ലകാര്യമാണ്. ചെറുകിട കച്ചവടക്കാരുംപ്പെടുന്ന വിഭാഗത്തെ സംരക്ഷിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നത് അഭികാമ്യമാണ്. അതോടൊപ്പംതന്നെ ഗവൺമെൻറിനു കിട്ടേണ്ട ടാക്സ് കിട്ടാൻ എന്തു നടപടിയും സ്വീകരിക്കുകയും ചെയ്യുക. പിനൽ ഇൻറെറസ്റ്റ് 24 ശതമാനം എന്നുള്ളതിനെപ്പറ്റി ഞാനിപ്പോൾ അക്ഷേപമൊന്നും പറയുന്നില്ല. പക്ഷേ അർഹതപ്പെട്ട പണം തിരികെകൊടുക്കാതിരിക്കുന്ന സാഹചര്യമുണ്ടാകുന്നത് തീർച്ചയായും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഗൗരവപൂർവം വീക്ഷിക്കുകയും ആ കാര്യത്തിൽ ശരിയായ ഒരു തീരുമാനത്തിലെത്തിച്ചേരുകയും ചെയ്യുണം.

സർ, മറെറാരു കാര്യം എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഉണ്ട്. ഇപ്പോൾ ധനകാര്യ വകുപ്പിൽനിന്നും ധാരാളം ഉത്തരവുകൾ പുറപ്പെടുവിക്കുന്നുണ്ട്. അതിനകത്ത് ഇത്ര നാൾക്കകം അതിനുള്ള വിധി പ്രഖ്യാപിക്കണമെന്നോ അല്ലെങ്കിൽ ഇത്ര അപ്പീലുകൾ ഒരു മാസത്തിനകം ഡിസ്പോസ് ചെയ്യണമെന്നോ ജനറലായ ഡയറക്ഷൻ കൊടുക്കുമായിരിക്കും. സെൻട്രൽ ഇൻകം ടാക്സ് നിയമത്തിൽ അപ്പീൽ കേട്ടാൽ മൂന്നു മാസത്തിനകം ആ എമൗണ്ട് തിരിച്ചുകൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. കേരളത്തിലുള്ള നിയമത്തിൽ അങ്ങനെയുള്ള യാതൊന്നും

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടില്ല. അവർ ഇഷ്ടമുള്ളപ്പോൾ കൊടുത്താൻ മതി. തിരിച്ചു കൊടുക്കുന്ന പണത്തിന് പലിശ ഇങ്ങോട്ട് വാങ്ങിക്കുന്നതുപോലെ അങ്ങോട്ടും കൊടുക്കണമെന്നുള്ള തത്വം അംഗീകരിക്കാൻ തയ്യാറാകണം. എന്റെ അഭിപ്രായത്തിൽ സെയിൽസ് ടാക്സ് നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് അപ്പീൽ കേട്ടാൽ ഇത്ര മാസത്തിനകം അതിൻമേൽ തീരുമാനം എടുത്തിരിക്കണമെന്ന് പറയണമെന്നുള്ളതാണ്. ഇവിടെ അതിന് യാതൊരു വ്യവസ്ഥയുമില്ല. മൂന്നുമാസം എന്നുള്ള സെൻട്രൽ ഇൻകം ടാക്സിലെ സമയമെങ്കിലും നമ്മുടെ സംസ്ഥാനത്തുള്ള ആളുകൾക്ക് കൊടുത്തുകൊണ്ട് അങ്ങനെയുള്ള ഒരു പരിരക്ഷ അവർക്ക് കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അത് സൗമനസ്യത്തോടുകൂടി ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. എന്തായാലും ജനറൽ സെയിൽസ് ടാക്സ് നിയമത്തിൽ പൊതുവായ കുറേ ഭേദഗതികൾ ആവശ്യമാണ്. അത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നിയമസഭയിൽ കൊണ്ടുവരികയും പാസ്സാക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുകയാണ്.

സർ, ഞാൻ കഴിഞ്ഞ ദിവസം ഇവിടെ നമ്മുടെ സംസ്ഥാനത്ത് സെയിൽസ് ടാക്സിൽ സിങ്കിയം പോയിൻറ് ടാക്സ് ഏർപ്പെടുത്തിയതിനുശേഷം ഉള്ള ബുദ്ധിമുട്ടുകളെപ്പറ്റി പറഞ്ഞു. തീർച്ചയായും ബഹുമാനപ്പെട്ട മന്ത്രി അത് പരിഗണിക്കണം. ഞാൻ അത് ഇവിടെ ചൂണ്ടിക്കാണിച്ച അവസരത്തിൽ പ്രത്യേകിച്ച് എന്തെങ്കിലും ഉണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ നടപടി എടുക്കാമെന്നു പറഞ്ഞു.

സർ, ഇവിടെ പ്രിൻറിംഗ് പ്രസ്സുകളെ സംബന്ധിച്ചിടത്തോളം ഞാൻ കഴിഞ്ഞദിവസം പറഞ്ഞു. അവർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. അവർ പേപ്പർ വാങ്ങിക്കുന്ന സ്ഥലത്തുതന്നെ 8·8 ശതമാനം പലിശ കൊടുക്കുന്നുണ്ട്. നേരത്തെ കൊടുത്തുകൊണ്ടിരുന്നത് 4·4 ശതമാനം പലിശയാണ്. ഇതിനകത്ത് ബുക്കുകൾ, മാഗസിൻ തുടങ്ങിയവ എക്സംപ്റ്റ് ചെയ്തിരുന്നു. അതുപോലെ പേപ്പർ കൊടുക്കുന്ന ആളുകൾക്ക് പ്രിൻറ് ചെയ്തുകൊടുത്താൽ അവരിൽനിന്നും ടാക്സ് ഈടാക്കുകയില്ല. ഇപ്പോൾ പേപ്പർ വാങ്ങിക്കുന്ന സ്ഥലത്തുതന്നെ 8·8 ശതമാനം ഈടാക്കുന്നുണ്ട്. അതിനുശേഷം പ്രസ്സിൽ പ്രിൻറ് ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് വീണ്ടും അതേ തോതിൽത്തന്നെ ടാക്സ് ഈടാക്കണമെന്നാണ് ഉദ്യോഗസ്ഥൻമാർ പറയുന്നത്. ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ട് അംഗീകരിക്കുന്നില്ലെന്നാണ് പറയുന്നത്. ചില ഉദ്യോഗസ്ഥൻമാർ പറയുന്നത് ഗവൺമെൻറ് പറഞ്ഞിരിക്കുന്നത് ഞങ്ങൾക്ക് ബാധകമാണെന്നാണ്. പക്ഷെ അനേകം സ്ഥലങ്ങളിൽ ഉദ്യോഗസ്ഥൻമാർ അങ്ങനെ ചെയ്യുന്നില്ല. അതുകൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ട് എന്താണെന്നുവച്ചാൽ ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ മുമ്പ് കൊടുത്തിരുന്നതിനേക്കാൾ 9 ശതമാനം ടാക്സ് ഇന്ന് കൂടുതൽ കൊടുക്കേണ്ടിയിരിക്കുന്നു. അത് പരിഹരിക്കാനുള്ള നടപടികൾകൂടി ഗവൺമെൻറ് സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ഇങ്ങനെയുള്ള കാതലായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതാണ്. അസസ്സ്മെൻറ് നടത്തുന്നതോടൊപ്പംതന്നെ അസസ്സിക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ, അപ്പീലിന്റെ ആനുകൂല്യങ്ങൾ ലഭിച്ചാൽ ആ ആനുകൂല്യങ്ങൾ കൊടുക്കാൻ സെൻട്രൽ നിയമത്തിൽ വ്യവസ്ഥ ഉള്ളതുപോലെ കേരളത്തിലെ നിയമത്തിലും ഭേദഗതി കൊണ്ടുവരണം അങ്ങനെ ഈ നിയമത്തിൽ വേണ്ട ഭേദഗതികൾ കൊണ്ടുവരണമെന്നഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദാലി: സർ, നമ്മുടെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ സിംഹഭാഗവും സെയിൽസ് ടാക്സിനത്തിലാണ് കിട്ടുന്നത്. എന്നാൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന ചെറുകിട കച്ചവടക്കാരുടെ സ്ഥിതി പരമദയനീയമാണ്. ഏകദേശം അഞ്ചോ പത്തോ ശതമാനം വൻകിട കച്ചവടക്കാർ ഉണ്ടെങ്കിൽ ഏതാണ്ട് 95 ശതമാനത്തോളം ആളുകളും ചെറുകിട കച്ചവടക്കാരാണ്. ആ വസ്തുത ഗവൺമെന്റ് കണക്കിലെടുക്കണം. ഇവരുടെ നീറുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഈ ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു എന്നു പറയേണ്ടിയിരിക്കുന്നു. നമ്മുടെ ചെറുകിട കച്ചവടക്കാരെ സംബന്ധിച്ചിടത്തോളം അവർ ഇന്ന് വീർപ്പുമുട്ടി കഴിയുകയാണ്. പല ബാങ്കുകളിൽ നിന്നും അതുപോലെ മറ്റ് സ്ഥാപനങ്ങളിൽനിന്നും കടം എടുത്ത് കഴിയുകയാണ്. അവരെ ആശ്വസിപ്പിക്കേണ്ടത് ഈ ഗവൺമെന്റിന്റെ കടമയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളും വളരെ പരിമിതമാണ്. 35,000 രൂപ 50,000 ആയി വർദ്ധിപ്പിച്ചു. അതുപോലെ ഏകമുഖ വിൽപ്പന നികുതി 10,000 എന്നുള്ളത് 15,000 ആയി വർദ്ധിപ്പിക്കുകയുണ്ടായി. ഇത് വളരെ പരിമിതമാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. കാരണം ഈ സെയിൽസ് ടാക്സ് നിയമം 1963-ൽ നടപ്പിലാക്കിയപ്പോഴും ഉണ്ടായിരുന്ന വിലയേക്കാളും സാധനത്തിന് നാലും അഞ്ചും ഇരട്ടി വില വർദ്ധിച്ചിട്ടുണ്ട്. അന്ന് നാല് പെർസന്റ് ഉണ്ടായിരുന്ന ടാക്സ് ഇന്ന് ഏഴും എട്ടും പെർസെന്റ് ആയിരിക്കുകയാണ്. സെയിൽസ് ടാക്സ് ഇനത്തിൽ മാത്രമല്ല മറ്റ് പല സംസ്ഥാനങ്ങളിൽ നിന്നും ഇവിടേയ്ക്ക് കടത്തി വരുമ്പോഴും അതിന്റെ വാടകയിലും മറ്റും വർദ്ധനവ് ഉണ്ടാകുന്നു. ആ വാടകയിനത്തിലുള്ള വർദ്ധനവെല്ലാം കൂടി ഉണ്ട്. ഇന്ന് കർണ്ണാടകയിൽനിന്നും തമിഴ് നാട്ടിൽനിന്നുമെല്ലാമാണ് ഈ സംസ്ഥാനത്തേയ്ക്ക് സാധനങ്ങൾ വരുന്നത്. അങ്ങനെ വരുന്ന സാധനങ്ങളെ സംബന്ധിച്ചിടത്തോളം വാടകക്കും, കൂലിക്കും കൂടി സെയിൽസ് ടാക്സ് കൊടുക്കുന്നുണ്ട്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി. ഒന്നരക്കൊല്ലം കൊണ്ട് വില വർദ്ധിച്ചിട്ടുണ്ടെന്നുള്ളത് സമ്മതിക്കുന്നുണ്ടല്ലോ. ഈ ഗവൺമെന്റ് വന്നതിനു ശേഷമാണ് ഈ വിറ്റു പിരിവ് 25,000 എന്നുള്ളത് 35,000 ആയും പിന്നീട് 50,000 ആയും വർദ്ധിപ്പിച്ചത്. ഒരു വർഷം കൊണ്ടാണ് ഇരട്ടിയായി വർദ്ധിപ്പിച്ചത്. അതുപോലെതന്നെ 100 ശതമാനം വില വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും സമ്മതിക്കുന്നു. എന്നിട്ട് എന്താണ് മിണ്ടാതിരിക്കുന്നത്?

ശ്രീ. സി. ടി. അഹമ്മദാലി: ഈ നിയമം 1963 മുതൽ നടപ്പിലാക്കിയതു മുതലുള്ള കാര്യമാണ് ഞാൻ പറയുന്നത്. പലതിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇനിയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഈ ഗവൺമെന്റ് വന്നതിനുശേഷം ചെറുകിട കച്ചവടക്കാർക്ക് ചെയ്തിട്ടുള്ള ആനുകൂല്യം ബഹുമാനപ്പെട്ട മെമ്പർ ഓർക്കുന്നുണ്ടോ? അത് പ്രധാനപ്പെട്ട ആനുകൂല്യങ്ങളാണെന്നുള്ളത് അംഗീകരിച്ചുകൊണ്ട് പറയണം.

ശ്രീ. സി. ടി. അഹമ്മദാലി: ഈ ആനുകൂല്യങ്ങളും അംഗീകരിക്കുന്നതോടൊപ്പംതന്നെ അത് വളരെ പരിമിതമാണെന്നാണ് പറഞ്ഞത്. 35,000 രൂപ ഉണ്ടായിരുന്ന സാധനങ്ങൾക്ക് ഒന്നര വർഷംകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

50,000 രൂപയിൽ കൂടുതൽ വില വർദ്ധനവ് വരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇന്നുതന്നെ ബോർഡർ ഏരിയായിൽ പ്രത്യേകിച്ച് കാസർകോട് മുതലായ സ്ഥലങ്ങളിൽ ചെറുകിട കച്ചവടക്കാർ വളരെയധികം ബുദ്ധിമുട്ടിൽ കഴിയുകയാണ്. കർണ്ണാടകയിൽ 15 രൂപ വിലയുള്ള മുളകിന് ബോർഡർ ഏരിയാക്ക് ഇപ്പുറം 8 പെർസെന്റ് ടാക്സും കൂട്ടി കൂടി ഒന്നര രൂപയോളം ടാക്സിനത്തിൽത്തന്നെ കൂടുതലായി കൊടുക്കേണ്ടിവരും. അതുകൊണ്ടു പലരും കർണ്ണാടകയിലും മറ്റും പോയി വീട്ടാവശ്യത്തിന് സാധനങ്ങൾ വാങ്ങിച്ചു കൊണ്ടുവരുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ഇങ്ങനെയുള്ള അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കണം.

സർ, നമ്മുടെ ധനകാര്യമന്ത്രി പലപ്പോഴും സെയിൽസ് ടാക്സിനത്തിലുള്ള വരുമാനത്തിൽ നമ്മുടെ പ്രതീക്ഷയിൽ കവിഞ്ഞ വരുമാനം ഉണ്ടായിട്ടുണ്ടെന്നു പറയുന്നുണ്ട്.

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി: കേരള സംസ്ഥാനത്തെ സാധനങ്ങളുടെ വില വർദ്ധനവിന്റെ വലിയൊരു ഭാഗം ഇവിടെയുള്ള സെയിൽ ടാക്സിലുള്ള വ്യത്യാസമാണെന്നുള്ളത് അറിയാമോ?

ശ്രീ. സി. ടി. അഹമ്മദാലി: അതുതന്നെയാണ് ഞാൻ പറഞ്ഞുവരുന്നത്. കർണ്ണാടകയിൽ വളരെ കുറഞ്ഞ ടാക്സ് ഉണ്ടാകുമ്പോൾ ഇവിടെ എട്ടും അതിൽ കൂടുതലും ടാക്സ് കൊടുക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഇന്നുള്ള വിൽപ്പന നികുതിയിൽ കുറവ് വരുത്തണമെന്നഭ്യർത്ഥിക്കുകയാണ്. ഇതുമൂലം കച്ചവടക്കാർ ഇന്ന് വളരെയധികം പ്രയാസം അനുഭവിക്കുന്നുണ്ട്.

സർ, ഇന്ന് ലൈസൻസിംഗ് സമ്പ്രദായത്തിൽ ഒരു ഏകീകരണമില്ല. പലയിനത്തിൽ പലവിധത്തിലുള്ള ലൈസൻസിംഗ് സമ്പ്രദായമാണ് ഉള്ളത്. അത് ഏകീകരിക്കണം, ഇന്ന് പലരും കണക്കെഴുത്തിൽ അത്രവലിയ പരിചയമുള്ളവരായിരിക്കുകയില്ല. ഇന്ന് സെയിൽസ് ടാക്സിനെ സംബന്ധിച്ചിടത്തോളമുള്ള കണക്ക് എങ്ങനെ എഴുതുമെന്ന കാര്യത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ട്. പല സാധനങ്ങൾക്കും പല ടാക്സാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

ഉദാഹരണത്തിന് അരിക്കാണെങ്കിൽ 1 ശതമാനം ടാക്സ്, മഞ്ഞളിനാണെങ്കിൽ 6 ശതമാനം ടാക്സ്, മിൽക്ക് ഫുഡിനാണെങ്കിൽ പത്ത് ശതമാനം ടാക്സ്, ജാഗറി മുതലായവയ്ക്ക് ആണെങ്കിൽ 8 ശതമാനം ടാക്സ്. ഇതുപോലുള്ള ബഹുമുഖങ്ങളായ, അശാസ്ത്രീയമായ ടാക്സ് സമ്പ്രദായം നിമിത്തം കച്ചവടക്കാർ ഇന്ന് വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. അപ്പോൾ ഓരോ സാധനത്തിനും സെപ്പറേറ്റ് ആയ പർച്ചൈസ് അക്കൗണ്ടും സെയിൽസ് അക്കൗണ്ടും ശരിയായി എഴുതി സൂക്ഷിക്കണമെന്നുണ്ടെങ്കിൽ കച്ചവടക്കാർക്കു എന്തുമാത്രം ബുദ്ധിമുട്ടുണ്ടാകുമെന്നുള്ളതിനെക്കുറിച്ച് ഞാൻ പറയാതെ തന്നെ പലർക്കും അറിയാവുന്നതാണ്. ഇങ്ങനെ ഒട്ടേറെ പ്രശ്നങ്ങൾ പല ചെറുകിട കച്ചവടക്കാരും അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. അതോടൊപ്പം തന്നെ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരിൽ നിന്നും ഉണ്ടാകുന്ന പീഡനങ്ങളും നിരവധിയാണ് അതുകൊണ്ട് ഇതിനെല്ലാം കാലോചിതമായ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ കച്ചവടക്കാർക്ക് എന്തെങ്കിലും നീതി ഗവൺമെന്റ് ചെയ്തതായി പറയാൻ സാധിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ പറയുകയുണ്ടായി, ഏറ്റവുമധികം സൗജന്യങ്ങൾ നൽകിയത് ഈ സംസ്ഥാനത്താണെന്ന്. നമ്മുടെ വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന നോട്ടുബുക്കുകൾക്കും അതുപോലെ തന്നെ മറ്റ് സ്റ്റേഷനറി സാധനങ്ങൾക്കും മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത തരത്തിലുള്ള വിലപന നികുതിയാണുള്ളത്. 5 ശതമാനം മുതൽ 8 ശതമാനം വരെ ടാക്സ് കൂടാതെ അഡീഷണൽ ടാക്സ് ഇന്നിവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇത് പിൻവലിക്കണം.

ഇൻകം ടാക്സിൽനിന്നും ഒരു വിഹിതം സംസ്ഥാന ഗവൺമെന്റുകൾക്കു കേന്ദ്രഗവൺമെന്റ് നൽകുന്നതുപോലെ സാമ്പത്തികമായി ഞെരുങ്ങി കഴിയുന്ന പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും സെയിൽസ് ടാക്സിൽ നിന്നു ഒരു നിശ്ചിത വിഹിതം കൂടി നൽകണം. എന്തായാലും ശരി കാലോചിതമായ മാറ്റങ്ങൾ ഈ വക കാര്യങ്ങളിൽ വരുത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിച്ചുകൊണ്ടും 50,000 രൂപ എന്നുള്ളത് 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്യണമെന്നഭ്യർത്ഥിച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. എസ് തോമസ്: സർ, ഞാനെന്റെ ഭേദഗതി അവതരിപ്പിക്കുന്നു. "I move that the Kerala General Sales Tax (Amendment) Bill, 1981 be referred to a Select Committee. വളരെക്കൂടുതലായി സംസാരിക്കണമെന്നാഗ്രഹിക്കുന്നില്ല. പല ഐറ്റംസിനും സെയിൽസ് ടാക്സ് ഇളവു ചെയ്തുകൊണ്ട് അതായത് സിംഗിൾ പോയിന്റ് ആക്കിക്കൊണ്ട് വരുത്തിയിട്ടുള്ള ഭേദഗതി നിയമത്തെ ഞാൻ പിന്താങ്ങുകയാണ്. എന്നാൽ ഇവിടെ ശ്രീ. ടി. എം. ജേക്കബ് ഉന്നയിച്ച മുഖ്യമായ പോയിന്റിനെ ഞാൻ ഒന്നുകൂടി പ്രസ് ചെയ്തുകൊണ്ടു പറയുവാൻ ആഗ്രഹിക്കുകയാണ്. ടാക്സ് എല്ലാം തന്നെ പബ്ലിക് സെക്ടറിനും പ്രൈവറ്റ് സെക്ടറിനും ഒരുപോലെ ബാധകമാണ്. പബ്ലിക് സെക്ടറിനെ കൊണ്ടുവന്നു ഞെരുക്കി അതിനെ നശിപ്പിക്കുന്നതിനുള്ള പുറപ്പാടായിട്ടാണ് മിക്കവാറും സെയിൽസ് ടാക്സ് നിയമങ്ങൾ പബ്ലിക് സെക്ടറിൽ വന്നു വീഴുന്നത്. കാരണം എന്താണെന്നു ചോദിച്ചാൽ പല യിടത്തും പ്രൈവറ്റ് സെക്ടറിലുള്ള വ്യാപാര വ്യവസായങ്ങൾക്ക് സാധനങ്ങൾ വിൽക്കുമ്പോൾ ബിൽ നൽകാറില്ലെന്നതു പരക്കെ അറിയാവുന്നതാണ്. ഫിഷ് മീറ്റ് സ്റ്റാളുകളും അതുപോലെ തന്നെ പ്രൊഫഷൻ മീറ്റും പ്രൊഫഷൻ ഫിഷും സ്വകാര്യ വ്യാപാരികൾ കോൾഡ് സ്റ്റോറേജിൽ വച്ച് വിൽക്കാറുണ്ട്. നമ്മൾ അവിടെച്ചെന്നു എന്തെങ്കിലും സാധനം വാങ്ങിയാൽ ബില്ല് മിക്കവാറും കൊടുക്കാറില്ല. എന്നാൽ എല്ലാവർക്കും സെയിൽസ് ടാക്സ് ഉണ്ടെന്നോണം സെയിൽസ് ടാക്സ് നിയമത്തിലുള്ളത്. ബോർഡ് എഴുതി വച്ചിട്ടുള്ളിടത്തുനിന്നും നമ്മൾ ഒരു സാധനം അതായത് പ്രൈവറ്റ് പാർട്ടിയുടെ ഒരു ഷോപ്പിൽനിന്നും ഒരു സാധനം വാങ്ങിയാൽ അതിനൊന്നും ബിൽ ഇല്ല. അതിനൊന്നും സെയിൽസ് ടാക്സ് ഇല്ല. നേരെമറിച്ച് ഗവൺമെന്റ് ഉടമയിലുള്ള പൗരാടി ഫാമിൽനിന്നോ ബേക്കൺ ഫാക്ടറികളിൽ നിന്നോ ഒരു സാധനം വാങ്ങിയാൽ അതിന് സെയിൽസ് ടാക്സ് കൃത്യമായി . അസസ്സ് ചെയ്യുന്നുണ്ട്. അത് ഔട്ട്സൈഡ് സ്റ്റേറ്റുകളുമായിട്ടുള്ള കോമ്പറ്റീഷനെ സാരമായി ബാധിക്കുന്നു. 31 ലക്ഷം രൂപയുടെ അക്യുമുലേറ്റഡ് ലോസ് വന്നിട്ടുള്ള ഫാക്ടറിയാണ് കൂത്താട്ടുകുളത്തെ ബേക്കൺ ഫാക്ടറി. സർ, ഇത്രയും വലിയ ലോസ് വരാൻ വേറെ പല കാരണ

LIBRARY ARCHIVES Kerala Legislative Assembly

മുണ്ട്. എന്നാൽ ലോസ് മേക്കപ്പ് ചെയ്ത കൂടുതൽ ലാഭം വരത്തക്ക വിധത്തിൽ കൂടുതൽ ബിസിനസ് നടത്തുന്നതിനുള്ള സംരംഭം ആ ഫാക്ടറി തയ്യാറാക്കിയിട്ടുണ്ട്. കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ പ്രൊഡക്ഷൻ മീറ്റർ, പ്രൊഡക്ഷൻ ഫിഷ് എന്നിവയ്ക്കെല്ലാം സെയിൽസ് ടാക്സ് എക്സംപ്റ്റ് ചെയ്തിരിക്കുന്നതുകൊണ്ട് ആ സംസ്ഥാനങ്ങളുമായുള്ള കോമ്പറ്റീഷനെ ബേക്കൺ ഫാക്ടറിക്ക് കഴിയാതെ വരുന്ന സാഹചര്യമാണിന്നുള്ളത്. അതുകൊണ്ട് ഈ ബേക്കൺ ഫാക്ടറിയുടെ പ്രൊഡക്റ്റ് ആയിട്ടുള്ള ടിൻ ഫൈറ്റംസിനെ സെയിൽസ് ടാക്സ് അസസ്സ് ചെയ്താലും വലുതായി ഒന്നും പറയാനില്ല. പ്രൊഡക്ഷൻ മീറ്റർ എന്നൊക്കെ പറയുന്നത് 300, 400, 500 കിലോമീറ്റർ അകലെ കൊണ്ടുപോയി മാർക്കറ്റുകളിൽ വിൽക്കുന്നതാണ്. കോൾഡ് സ്റ്റോറേജ് സൗകര്യമുള്ള വാൻ വാങ്ങുക എന്നുള്ളത് വലിയ കോസ്റ്റ്ലി വരുന്നതാണ്. സൗകര്യത്തിന് വാനുകളൊന്നും ഇല്ലാത്തതു കൊണ്ട് ഐസ് ഇട്ട് സ്റ്റോറാക്ക് ചെയ്താണ് ഓടുന്നത്. അതിന്റെ ഫലമായി കുറേയേറെ നഷ്ടം വരാറുണ്ട്. അതിനു പുറമെ സെയിൽസ് ടാക്സ് വരുന്നതുകൊണ്ട് വില വ്യത്യാസം വരും. ആ വില വ്യത്യാസം എക്സംപ്റ്റ് ചെയ്യാനുള്ള വിൽപ്പന നികുതി നിയമത്തിലെ പ്രൊവിഷൻ ഉപയോഗിച്ച് പ്രൊഡക്ഷൻ മീറ്ററിനും ഫിഷിനും പബ്ലിക് സെക്ടറിൽ എങ്കിലും സെയിൽസ് ടാക്സ് ഒഴിവാക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്,

സെയിൽ ടാക്സ് കളക്റ്റ് ചെയ്യുന്നതിനെക്കുറിച്ച് ഇവിടെ പലരും ചൂണ്ടിക്കാണിച്ചു. ഇതിന്റെ കണക്ഷനെ ഇന്ന് ഒരു ടാർജറ്റ് ഫിക്സ് ചെയ്തിട്ടുണ്ട്. ചിലർക്ക് ആണെങ്കിൽ ടാർജറ്റ് അനുസരിച്ച് ഉള്ള അസസ്സ്മെന്റും മറ്റ് ചിലർക്ക് എത്ര ബിസിനസ് നടന്നാലും ശരി അവർക്കു മറ്റൊരു ടാർജറ്റുമാണ് കണക്കാക്കുന്നത്. ഉദാഹരണത്തിന് ഒരു പട്ടണത്തിലെ കാര്യം എടുക്കാം. അവിടെ ചില കടകളിൽ താഴ്ന്ന ടാർജറ്റ് ആണ്: അവർക്കു ടേൺഓവർ 30 ലക്ഷം രൂപ വന്നാലും ടാർജറ്റ് കുറവാണ്. ഇത് എന്തുകൊണ്ടാണ് സംഭവിക്കുന്നത് എന്നുള്ളതിനെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതാണ്. ഇതിന് ഏതൊക്കെ തരത്തിലുള്ള ആളുകളെ ആണ് മാനിപ്പുലേറ്റ് ചെയ്യേണ്ടതെന്നും എങ്ങിനെയാണ് ഉദ്യോഗസ്ഥൻമാരെ കൈവശം എടുക്കേണ്ടതെന്നും മറ്റുമുള്ള കാര്യങ്ങളെക്കുറിച്ച് അവർക്കു അറിയാമെന്നുള്ളതുകൊണ്ട് ആ വഴിക്കു അവർ പോകും. സർ, ഈ അസസ്സ്മെന്റ് കണക്കാക്കുന്നതിന് ഇന്ന് സൈന്റിഫിക് ആയിട്ടുള്ള യാതൊരു മെതേഡും ഉപയോഗിക്കാറില്ല. അപ്പോഴും ഈ അസസ്സ് ചെയ്യുന്നവർ യാഥാർത്ഥ്യബോധത്തോടുകൂടി ചെയ്യാത്തതുകൊണ്ട് പല കുഴപ്പങ്ങളും ഉണ്ടാകുന്നുണ്ട്. അതുകൊണ്ടു ആ പഴയ സമ്പ്രദായത്തിന് മാറ്റം വരുത്തണം. ഇത് ശരിയായി കണ്ടുപിടിക്കുന്നതിന് എന്തെങ്കിലും ആധുനിക മാർഗ്ഗങ്ങൾ ഉപയോഗിക്കുകയും അതുപയോഗിച്ചുകൊണ്ട് സത്യസന്ധമായി അസസ്സ്മെന്റ് നടത്താനുള്ള സംവിധാനം ഉണ്ടാകണം. അതിനുവേണ്ടി എന്തെങ്കിലും പ്രത്യേക ഇൻസ്പെക്ഷൻവിംഗ് ഓർഗനൈസ് ചെയ്യണമെങ്കിൽ അങ്ങനെ, അതല്ല ഇന്നു നിലവിലുള്ള മറ്റെന്തെങ്കിലും മാർഗ്ഗമുണ്ടെങ്കിൽ അങ്ങനെ. ഇതാണ് എനിക്ക് പ്രധാനമായും ചൂണ്ടിക്കാണിക്കുവാനുള്ളത്. ഒരിക്കൽകൂടി പ്രൊഡക്ഷൻ മീറ്ററിനെ പൊതു മേഖലാ സ്ഥാപനങ്ങളിൽ വിൽപന നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന് വളരെ സൗമ്യത്തോടുകൂടി ധനകാര്യമന്ത്രിയോടഭ്യർത്ഥിച്ചുകൊണ്ടു ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ്: സർ, സാധനങ്ങളുടെ ഇപ്പോഴത്തെ വിലക്കയറ്റം പരിഗണിച്ച് ഇതിന്റെ സീലിങ്ങ് ഉയർത്തിയിരിക്കുന്നത് തീർച്ചയായും സ്വാഗതാർഹമാണ്. ഈ അവസരത്തിൽ പരിഗണിക്കേണ്ട ചില കാര്യങ്ങളും ഉണ്ട്. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് നികുതി ഇവിടത്തെ വികസന പ്രവർത്തനത്തെ എങ്ങനെ ബാധിക്കുന്നുവെന്നുള്ളതാണ്. കേരളത്തിലുള്ള സെയിൽസ് ടാക്സ് വ്യവസായ ഉൽപ്പന്നങ്ങളെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ വ്യവസായ പുരോഗതിക്ക് ഉതകുന്ന നിലയിലല്ല. പല ഐറ്റത്തെ സംബന്ധിച്ചും അങ്ങനെയാണ്. കേരളത്തിലും സമീപ സംസ്ഥാനങ്ങളിലും വ്യവസായ ഉൽപ്പന്നങ്ങളുടെ മേലുള്ള സെയിൽസ് ടാക്സ് വളരെ വ്യത്യാസമുണ്ട്. ഈ അന്തരം നിലനിൽക്കുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്തുനിന്നും അയൽ സംസ്ഥാനങ്ങളിലേക്ക് വ്യവസായങ്ങൾ നീങ്ങിപോകുന്ന പ്രവണതയുണ്ട്. തിരുവനന്തപുരത്തുതന്നെ ഉണ്ടായിരുന്ന ചില വ്യവസായങ്ങൾ സെയിൽസ് ടാക്സിന്റെ അന്തരത്തിന്റെ ഫലമായാണ് അവർ തൊട്ടടുത്ത് തമിഴ് നാട്ടിൽ വ്യവസായ സ്ഥാപനമുണ്ടാക്കുകയും അവരുടെ പ്രൊഡക്ട്സ് അവിടെത്തന്നെ വിറ്റഴിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത്. നാല് ശതമാനം വ്യത്യാസമുണ്ടെങ്കിൽ ഒരു ലക്ഷം രൂപയുടെ സാധനങ്ങൾ വിൽക്കുമ്പോൾ നാലായിരം രൂപയുടെ വ്യത്യാസമുണ്ട്. ഈ രീതിയിൽ സെയിൽസ് ടാക്സിലുള്ള അന്തരം വ്യവസായ ഉൽപ്പന്നങ്ങളിൽ ഏതെല്ലാം ഐറ്റത്തിലുണ്ടെന്ന് ഗവൺമെന്റ് പരിശോധിക്കണം. പലയിനത്തിലുമുണ്ടെന്ന് ഗവൺമെന്റിന് അറിയാം. അത് പരിശോധിച്ചതിനുശേഷം നമ്മുടെ സംസ്ഥാനത്ത് ഈ വ്യവസായങ്ങൾ നിലനിർത്താനും കൂടുതൽ വ്യവസായ സംരംഭകരെ ഇങ്ങോട്ട് ആകർഷിക്കാനുതകുന്ന തരത്തിൽ സെയിൽ ടാക്സിന്റെ കാര്യത്തിൽ ഒരു പുനസ്സംവിധാനം വേണം, അത് കേരളത്തിലെ വ്യവസായ പുരോഗതിക്ക് അനുപേക്ഷണീയമാണ്. കൂടുതൽ സെയിൽസ് ടാക്സുള്ളതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് കൂടുതൽ വരുമാനമുണ്ടാകുമെന്നുള്ള കണക്കുകൂട്ടൽ പലപ്പോഴും പറയാറുണ്ട്. ഫലത്തിൽ ഗവൺമെന്റിന് ഇതുകൊണ്ട് കൂടുതൽ വരുമാനം ഉണ്ടാവുകയില്ല. വ്യവസായങ്ങൾ അന്യസംസ്ഥാനത്തിലേക്ക് പോകുന്നുവെന്ന് മാത്രമല്ല ഈ അന്തരം കൊണ്ട് ഇവിടെ വ്യവസായങ്ങൾ പുതുതായി തുടങ്ങാൻ പലരും മടിക്കുന്നു. നമ്മുടെ തൊട്ടടുത്തുള്ള സംസ്ഥാനങ്ങളിൽ ചെന്ന് സാധനങ്ങൾ വാങ്ങിച്ചുകൊണ്ടുവരികയാണ്. കന്യാകുമാരി ജില്ലയിൽനിന്നും കോയമ്പത്തൂരുനിന്നും ബസ്സിലും ട്രെയിനിലും സാധനങ്ങൾ വാങ്ങിച്ചു കൊണ്ടുവരുന്നത് നിത്യസംഭവമാണ്. ആ നിലയിൽ ടാക്സ് എവേഷനുള്ള ധാരാളം സാധ്യതയുണ്ട്. കേരളത്തിലെ സെയിൽസ് ടാക്സിന്റെ അന്തരംകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽ പോയി സാധനങ്ങൾ വാങ്ങിക്കുന്ന ധാരാളം അനുഭവങ്ങളുണ്ട്. പ്രധാനപ്പെട്ട പല ഐറ്റത്തിനുമുള്ള അന്തരം പരിഹരിക്കുന്നതിനുവേണ്ടി ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആദ്യം പറഞ്ഞകാര്യം വളരെ പ്രസക്തമാണ്. അലൂമിനിയം കണ്ടക്ടേഴ്സിന്റെ കാര്യം എടുക്കാം. തിരുവനന്തപുരത്ത് ഉണ്ടായിരുന്ന ചില യൂണിറ്റുകൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ തമിഴ്നാട്ടിൽ കൊണ്ടുപോയി. സെയിൽസ് ടാക്സിലുള്ള അന്തരം കാരണമാണ് അവിടെ യൂണിറ്റ് ആരംഭിച്ചത്. സെയിൽസ് ടാക്സ് എക്സംപ്ഷന്റെ കാര്യത്തിൽ ഒരു കൈകൊണ്ട് കൊടുക്കുകയും മറുകൈകൊണ്ട് എടുക്കുകയും ചെയ്യുന്ന നടപടി ചെറുകിട വ്യവസായത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തു ഉണ്ടായിട്ടുണ്ട്, ചില അമൻറ്മെന്റ് അടുത്തകാലത്ത് വരുത്തിയത്

LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട യൂണിറ്റുകളെ പലതിനേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് പറയാനാഗ്രഹിക്കുകയാണ്. സംസ്ഥാനഗവൺമെന്റിന്റെ ഏറ്റവും വലിയ വരവ് ഇനമാണ് സെയിൽസ് ടാക്സ് ഈ സെയിൽസ് ടാക്സിന്റെ എവേഷൻ എത്രയുണ്ട്. ഇതിനുമുമ്പ് പല പഠനവും നടത്തിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ടുകളും വന്നിട്ടുണ്ട്. അതിൽ വൻതോതിൽ എവേഷൻ ഉണ്ടെന്ന് പറഞ്ഞു. ഇപ്പോൾ എവേഷന്റെ തോത് എത്രയാണ്, ഗവൺമെന്റ് അതേപ്പറ്റി പഠിക്കുമോ? ഒട്ടും എവേഷനില്ലെന്നുള്ള നിലപാട് ഗവൺമെന്റ് എടുക്കുമെന്ന് ഞാൻ കരുതുന്നില്ല. ചെറുകിട വ്യാപാരികളല്ല എവേഷൻ നടത്തുന്നത്. എറണാകുളം ജില്ലയിലെ ലക്ഷക്കണക്കിനു രൂപയുടെ സാധനങ്ങൾ വിൽപ്പന നടത്തുന്ന ഷോപ്പ് ഉടമകൾ പരസ്യമായി ചോദിക്കുകയാണ് ബില്ല് വേണോ വേണ്ടയെന്ന്. ബില്ല് ഇല്ലെങ്കിൽ ടാക്സില്ല. ആയിരം രൂപ യുടെയും മൂവായിരം രൂപയുടെയും ബില്ല് എഴുതുമ്പോൾ പരസ്യമായി ചോദിക്കുന്നു, ബില്ല് വേണോയെന്ന്. ഇത് ഇന്ന് നടക്കുന്നതാണ്. ആർക്കും അത് കാണാൻ കഴിയും ഇത്ര തന്റേടത്തോടുകൂടി ചെയ്യാനുള്ള കാരണമെന്താണ്. ഇതിനകത്ത് തീർച്ചയായും ഉദ്യോഗസ്ഥൻമാരുടെ ഇടപെടലുണ്ട്. ആ ധാരണയുടെ അടിസ്ഥാനത്തിലാണ് വൻതോതിൽ നികുതി വെട്ടിപ്പ് നടത്തുന്നത്. ഈ വർഷത്തെ കളക്ഷൻ എത്രയാണെന്ന് എനിക്കറിഞ്ഞുകൂടാ. ഇരുന്നൂറു കോടിയോളം വന്നേക്കാം. സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്ന ഒരു സമയത്ത് കാര്യക്ഷമമായി ഈ രംഗത്ത് പ്രവർത്തിക്കാൻ തയ്യാറായി. ഈ ഒരുവർഷം കൊണ്ട് ഉണ്ടായ കാര്യത്തെക്കുറിച്ച് പറയുന്നില്ല. ഈ സ്ഥിതിവിശേഷം ഒന്ന് മാറ്റാൻ ശ്രമിച്ചാൽ അതിന്റെ ഫലമായി ഒരു നാല്പത് അമ്പതുകോടി രൂപ പിരിഞ്ഞുകിട്ടാൻ ബുദ്ധിമുട്ടുള്ള കാര്യമല്ല, ഇത്ര ലക്ഷം രൂപക്ക് ടേണോവറുള്ള യൂണിറ്റുകളെമാത്രം ശ്രദ്ധിച്ചാൽമതി. ടൗണിലുള്ള വലിയ യൂണിറ്റുകളിൽ ബില്ല് ഇല്ലാതെ നടക്കുന്ന വിൽപ്പനയെപ്പറ്റി ഒരു മിന്നൽ പരിശോധനയ്ക്ക് തയ്യാറാകുമോ? എന്നാൽ സ്ഥിതിഗതികളും മാറും. ഗവൺമെന്റിന് കോടിക്കണക്കിന് രൂപ വരുമാനമുണ്ടാകും. ചെറുകിട യൂണിറ്റുകൾക്ക് എക്സംപ്ഷൻ കൊടുക്കുന്നത് സ്വാഗതാർഹമാണ്. വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകളാണ്. വലിയ വലിയ യൂണിറ്റുകളെ സംബന്ധിച്ചിടത്തോളം ഫാക്ടറി സ്ഥാപനങ്ങളെ സംബന്ധിച്ചും പ്രൊഡക്ട്സ് ഉണ്ടാക്കുന്ന യൂണിറ്റുകളെ സംബന്ധിച്ചും ഗവൺമെന്റ് ശ്രദ്ധിക്കണം. ഇങ്ങനെയുള്ള യൂണിറ്റുകളിൽനിന്നും ടാക്സ് പിരിച്ചു എന്ന് പറഞ്ഞാൽ അത് തെറ്റാണെന്ന് ആരും പറയുകയില്ല. പരസ്യമായി ഇത്തരം കച്ചവടം നടത്തുന്നവരുടെ പേരിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇനി മേലിൽ ബില്ല് ഇല്ലാതെ കച്ചവടം നടത്തിയാൽ കർശനമായ നടപടി എടുക്കുമെന്ന് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്താൽ ഇങ്ങനെയൊന്നും പറയുകയില്ല. വൻകിട യൂണിറ്റുകളിൽനിന്ന് ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥൻമാർ പല സ്ഥലത്തുമുണ്ട്. ഇത് പരിഗണിച്ചുകൊണ്ട് ടാക്സ് എവേഷൻ തടയുന്നതിനുള്ള സത്വരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അപ്പീൽ കൊടുത്താൽ അപ്പീലുകളെ വിവിധ തലത്തിലുള്ള വിവിധ ഏജൻസികളും കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. എത്രമാത്രം കേസുകളും പെൻറിങ്ങായി കിടക്കുന്നുവെന്ന് ഗവൺമെന്റ് പരിശോധിക്കണം. ഇത്ര വർഷത്തിൽ കൂടുതൽ ഒരു അപ്പീൽ പെൻറിങ്ങായി കിടക്കാൻ പാടില്ലെന്നുള്ള ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. അതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

അനാവശ്യമായി ആർബിട്രിയായി ടാക്സ് അസസ് ചെയ്തതിനുശേഷം അപ്പീൽ തീർപ്പിനുവേണ്ടി വളരെയേറെ സമയം എടുക്കുകയും ടാക്സ് പേയേഴ്സ് കാത്തിരിക്കേണ്ടിവരികയും ചെയ്യുന്നത് നീതിക്ക് നിരക്കുന്നതല്ല. അഗ്രികൾച്ചറൽ ഇൻകം ടാക്സിന്റെ കാര്യം പറഞ്ഞു. 35,000 രൂപ 50,000 രൂപയാക്കി. അതുകൊണ്ട് ഇന്നുള്ള ടാക്സ് പേയേഴ്സിന്റെ എണ്ണം കുറയുമെന്ന് ഗവൺമെന്റ് പറയുകയില്ല, കാരണം 35,000-ന്റെ ലിസ്റ്റിൽപ്പെട്ട ആളുകൾ അമ്പതിനായിരത്തിന്റെ ലിസ്റ്റിലാണ്. വളരെ ആർബിട്രിയായിട്ട് ഈ കാര്യങ്ങൾ ചെയ്യുന്നു. ചെറുകിട യൂണിറ്റുകളെ ഒഴിവാക്കുന്ന കാര്യത്തിൽ വിട്ടുവീഴ്ചയോടുകൂടിയുള്ള ഒരു സമീപനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ അവസരത്തിൽ അപ്പീലിനെ സംബന്ധിച്ചും എവേഷനെ സംബന്ധിച്ചും വളരെ ശ്രദ്ധയോടുകൂടി ഗവൺമെന്റ് മുമ്പോട്ട് പോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ വ്യവസായ യൂണിറ്റുകളുടെ കാര്യം. സെയിൽസ് ടാക്സിന്റെ കാര്യംമാത്രമല്ല. ശരിയായ ടാക്സ് സ്ട്രക്ച്ചർ വഴി നികുതി സംവിധാനം വഴി ഈ രാജ്യത്ത് വികസനമേഖലയിൽ വളരെയേറെ പുരോഗതി ഉണ്ടാക്കാൻ കഴിയും. നമ്മുടെ സംസ്ഥാനത്തിൽനിന്ന് അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്ന വ്യവസായങ്ങൾ എന്തൊക്കെയാണ്? കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ എത്തെല്ലാമിനം വ്യവസായങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് പോയിട്ടുണ്ട്? അതിനെക്കുറിച്ച് ഗവൺമെന്റ് ഒരു സ്റ്റഡി നടത്തണം. സെയിൽ ടാക്സിന്റെ അന്തരംകൊണ്ട് പല യൂണിറ്റുകളും പോയിട്ടുണ്ടെന്ന് വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഇത് പരിഗണിച്ചുകൊണ്ട്, രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള അന്തരം ഇല്ലാതാക്കുകയും വ്യവസായ പുരോഗതിക്കനുകൂലമായ രീതിയിൽ സെയിൽ ടാക്സിൽ റീസ്ട്രക്ച്ചറിംഗ് നടത്തുകയും ചെയ്യണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇവിടെ വിൽപ്പന നികുതി നിയമത്തിലെ ഭേദഗതി നിയമത്തെ സംബന്ധിച്ചിടത്തോളം, നടന്ന ചർച്ചയിൽ പൊതുനിമയത്തിൽ വരുത്തേണ്ടുന്ന ഭേദഗതികളെക്കുറിച്ചുള്ള ചർച്ചയിലേക്ക് ബഹുമാനപ്പെട്ട മെമ്പർമാർ കടക്കുകയുണ്ടായി. പൊതുനിയമത്തിൽ വരുത്തേണ്ടുന്ന ഭേദഗതികളെ സംബന്ധിച്ചിടത്തോളം ഖണ്ഡിതമായിട്ടുള്ള അഭിപ്രായങ്ങൾ കൂടുതൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ബഹുമാനപ്പെട്ട ശ്രീ. ടി. എം. ജേക്കബ്, കൂത്താട്ടുകുളം ഫാക്ടറിയിലെ പ്രൊഡക്ട്സിനെ സംബന്ധിച്ചിടത്തോളം, കോമ്പിറ്റേറ്റീവ് ആകുന്നതിനുവേണ്ടി സെക്ഷൻ 10 അനുസരിച്ചുള്ള ടാക്സ് ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചു. ഏതായാലും അത് ഈ നിയമത്തോടനുബന്ധിച്ച് ആലോചിക്കുവാൻ പറ്റുകയില്ല. ഈ വർഷം കൊടുക്കേണ്ടുന്ന ടാക്സ് റിലീസ് പ്രഖ്യാപിച്ചതിനുശേഷം—കൂടുതൽ ടാക്സ് റിലീസ് വേണ്ടായെന്ന് ഞാൻ പറയുന്നില്ല അങ്ങനെയുള്ള വിഷയങ്ങളൊക്കെ പരിശോധിക്കാവുന്നതാണ്. അതിന് കമ്മിറ്റഡായിട്ടുള്ള ഏതെങ്കിലും ഉത്തരം പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ബുദ്ധിമുട്ടുണ്ടായിരിക്കാം. ആ വിഷയം പരിശോധിക്കാവുന്നതാണെന്ന് മാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാന്പ്പെട്ട ജേക്കബ് മറെറാരു കാര്യം പറയുകയുണ്ടായി. കാർഷികാദ്ദായ നികുതി നിയമത്തിലെ ചില നിബന്ധനകൾ ചൂണ്ടി കാണിച്ചുകൊണ്ട്, ആ നിയമത്തിൽ റീ ഫണ്ട് നൽകുമ്പോൾ ഗവൺമെൻറിലേക്ക് കുടുതലായി അടച്ചിട്ടുള്ളതോ കൊടുത്തിട്ടുള്ളതോ ആയ സംഖ്യ റീ ഫണ്ട് ചെയ്യുമ്പോൾ പലിശയും കൂടി കൊടുക്കുന്നു എന്ന് പറഞ്ഞു. അതിന് ചില ടൈം ലിമിറ്റും വച്ചിട്ടുണ്ട്. അതുപോലെ വിൽപ്പനനികുതി നിയമത്തിൽ പലിശകൊടുക്കുന്നതിന് നിബന്ധനയില്ലായെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ജേക്കബിനോട് ഞാൻ വളരെ സ്നേഹപൂർവം പറയുകയാണ്—ഒരു പക്ഷേ വിൽപ്പനനികുതി നിയമത്തിലെ പ്രസക്തമായ വകുപ്പ് അദ്ദേഹം പരിശോധിച്ചു കാണുകയില്ല. വിൽപ്പന നികുതി നിയമത്തിലും പ്രസക്തമായ ഒരു വകുപ്പുണ്ട്. അത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് സെക്ഷൻ 44 ആണ്. സെക്ഷൻ 44-ലെ ഒന്നാം ഉപവകുപ്പും, രണ്ടാം ഉപവകുപ്പും, മൂന്നാം ഉപവകുപ്പും വച്ച് റീ ഫണ്ടിന് നിർദ്ദേശമുണ്ട്. പ്രൊവിഷണൽ അസസ്മെൻറിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തുക അടച്ചിട്ടുണ്ടെങ്കിൽ, ഫൈനൽ അസസ്മെൻറ് വരുമ്പോൾ, കൂടുതൽ തുക അടച്ചിട്ടുണ്ടെന്ന് കാണുമ്പോൾ, തിരിച്ചുകൊടുക്കും. രണ്ടാമത് അപ്പീൽ അല്ലെങ്കിൽ റിവിഷൻ കേട്ടതിനുശേഷം കൂടുതലായി തുക വന്നിട്ടുണ്ടെങ്കിൽ കുറച്ച് തുകയേ അയാൾ നിയമപരമായി ടാക്സ് അടക്കേണ്ടതുള്ളു എന്നു വരികിൽ ആ തുകയും തിരിച്ചു കൊടുക്കും. തന്നെയുമല്ല ചില അഡ്ജസ്റ്റ്മെൻറുകൾക്കും നിയമത്തിൽ നിബന്ധനയുണ്ട്. അതിനുശേഷം ഞാൻ വായിക്കാൻ ആഗ്രഹിക്കുന്നത് 44-ാം വകുപ്പിലെ 4-ാം ഉപവകുപ്പാണ്. ബഹുമാനപ്പെട്ട ജേക്കബ് പറഞ്ഞ കാര്യം ആ ഉപവകുപ്പിലുണ്ട്. In case of refund under sub-section (1) or sub-section (2) or adjustment under sub-section (3) is not made within ninety days of the date of final assessment or, as the case may be within ninety days of the date of receipt of the order in appeal or revision or the date of expiry of the time for preferring appeal of revision, the dealer shall be entitled to claim interest at the rate of six per cent per annum on the amount due to him from the date of expiry of the said period upto the date of payment of adjustment. ഫൈനൽ അസസ്മെൻറ് നടത്തിയതിനുശേഷം മൂന്നുമാസത്തിനകം കൊടുക്കാതിരുന്നാൽ, അപ്പീൽ പ്രൊവിഷൻമേലിൽ തീരുമാനമെടുത്തതിനുശേഷം മൂന്നുമാസത്തിനകം കൊടുക്കാതിരുന്നാൽ, ആഡ്ജസ്റ്റ്മെൻറിന് ഉത്തരവായതിനുശേഷം കൊടുക്കാതിരുന്നാൽ അപ്പീൽ ഫയൽ ചെയ്യേണ്ടുന്ന കാലാവധി എക്സ്പയറി ചെയ്തതിനുശേഷം മൂന്ന് മാസത്തിനകം കൊടുക്കാതിരുന്നാൽ—അതായത് റീ ഫണ്ട് കൊടുക്കേണ്ടുന്ന കേസുകളിൽ കൊടുക്കാതിരുന്നാൽ—ആറു ശതമാനം പലിശയോടുകൂടി നികുതിദായകർക്ക് റീ ഫണ്ട് ചെയ്യണമെന്ന് 44-ലെ 4-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുണ്ട്. അതുകൊണ്ട് ശ്രീ. ജേക്കബ് പറഞ്ഞ ആശങ്കയ്ക്ക് യാതൊരു സ്ഥാനവുമില്ല എന്നു മാത്രമേ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നുള്ളു.

ശ്രീ. ടി. എം. ജേക്കബ്: സെൻട്രൽ ഇൻകം ടാക്സിൽ കക്ഷികളിൽ നിന്ന് ഇടാക്കുന്ന അതേ തുകതന്നെയാണ് അസസ്മെൻറ് കഴിഞ്ഞ് അപ്പീലിനകത്ത് വരുമ്പോൾ തിരിയെ കൊടുക്കുന്നത്. നമ്മുടെ റേറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

വളരെ വേരിയേഷനുണ്ട്. ഇതിനകത്ത് ആറ് പെർസെന്റാണ് വച്ചിരിക്കുന്നത്. അതിലൊരു ഇൻക്രീസിനെ സംബന്ധിച്ചിടത്തോളം ആലോചിക്കുമോ?

ശ്രീ. കെ. എം. മാണി: സെൻട്രൽ ഇൻകം ടാക്സിന്റെ റേറ്റിന്റെ കാര്യമല്ല ബഹുമാനപ്പെട്ട ജേക്കബ് പറഞ്ഞത്, കേരളത്തിലെ കാർഷികാദായ നികുതി നിയമത്തിൽ വ്യവസ്ഥയുണ്ട്, വിൽപ്പനനികുതി നിയമത്തിൽ വ്യവസ്ഥയില്ലായെന്നാണ്. റീ ഫണ്ടിന്റെ സമയത്ത്, ഇന്ററസ്റ്റ് വിഭാവന ചെയ്യുന്നില്ല എന്ന് പറഞ്ഞതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. ആറ് ശതമാനം ഇന്ററസ്റ്റോടുകൂടി തിരിച്ചുകൊടുക്കാൻ ഒരു വ്യവസ്ഥ വിൽപ്പന നികുതി നിയമത്തിലുണ്ട്. അതുകൊണ്ട് ആ വിഷയത്തിൽ ബുദ്ധിമുട്ടുണ്ടാവുകയില്ല എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. ജെ. ജോസഫ് ഇവിടെ പറഞ്ഞ ആശയങ്ങളും നല്ല ആശയങ്ങളാണ്. പക്ഷേ അത് ഗവൺമെന്റ് മുമ്പേ പ്രഖ്യാപിച്ചിട്ടുള്ളതാണ്. വാസ്തവത്തിൽ ശ്രീ. ജോസഫ് ഗവൺമെന്റിനെ അനുമോദിക്കുകയാണ് വേണ്ടത്. ശ്രീ. ജോസഫ് ബഡ്ജറ്റ് പ്രസംഗത്തിലെ പ്രതിപാദനം മറന്നുപോയി എന്ന് ഞാൻ വിശ്വസിക്കുകയാണ്. അങ്ങനെയാണെങ്കിൽ ശ്രീ. ജോസഫിനോട് പറയുകയാണ് ബഡ്ജറ്റ്, പ്രസംഗത്തിലെ 22-ാം പേജിൽ വളരെ വ്യക്തമായി, ഗവൺമെന്റ് ചെയ്യാൻ പോകുന്ന കാര്യങ്ങളെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. അതായത് "ചില സാധനങ്ങളുടെ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത സാധനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന്, അന്തർ സംസ്ഥാന വ്യാപാരമെന്ന നിലയിൽ, കുറഞ്ഞ നികുതി നിരക്കിൽ സംസ്ഥാനത്തിനകത്തേക്ക് ഇറക്കുമതി ചെയ്യുന്നതിനുള്ള പ്രവണതയും ഇതുമൂലം വളർന്നുവരികയുണ്ടായിട്ടുണ്ട്". നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ചില വ്യവസായങ്ങൾ അന്യസംസ്ഥാനത്തേക്ക് നീങ്ങിപ്പോകുന്നതിനും ഇതു ചില സന്ദർഭങ്ങളിൽ കാരണമാകുന്നു. മേൽപ്പറഞ്ഞ നികുതി ഘടനയുടെ ഫലമായി വിഷമിക്കുന്ന എല്ലാ വ്യവസായങ്ങളെയും അതിന്റെ ആഘാതമേൽക്കുന്ന എല്ലാ ഘടകവസ്തുക്കളേയും സംബന്ധിച്ച് ഒരു വിശദപഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ബഡ്ജറ്റ് ചർച്ച ചെയ്ത സമയത്ത് ഞാൻ ഈ സഭയ്ക്കു ഉറപ്പു നൽകിയിട്ടുണ്ട്. ചില റേറ്റുകൾ ചില അന്യ സംസ്ഥാനങ്ങളിൽ കുറവാണ്. ഇവിടെ അൽപ്പം കൂടിയിരിക്കാം. അതു നമ്മുടെ വ്യവസായത്തെ ദോഷകരമായി ബാധിക്കുന്നുണ്ടായിരിക്കാം. അതിനെക്കുറിച്ച് വിശദമായ ഒരു സ്റ്റഡി നടത്തി, ആവശ്യമായ മാറ്റങ്ങൾ നികുതി ഘടനയിൽ ഉണ്ടാക്കുന്നതാണെന്ന് ഞാൻ സഭയ്ക്ക് ഉറപ്പു നൽകിയിട്ടുണ്ട്. ഇതൊരു പുതിയ ആശയമല്ല. ശ്രീ. ജോസഫ് പറഞ്ഞത് ഗവൺമെന്റ് ചെയ്യാമെന്ന് മുമ്പു പറഞ്ഞിട്ടുള്ളതാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൻമേലുള്ള പഠനം നടന്നുകൊണ്ടിരിക്കുയാണ്.

ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന മറ്റൊരു കാര്യം, "ഇതിനിടയിൽ താൽക്കാലിക ആശ്വാസമെന്ന നിലയ്ക്കു നോട്ടുബുക്കുകൾ ഉണ്ടാക്കുന്നതിനു വേണ്ടിവരുന്ന കടലാസിൻമേലും, പ്ലാസ്റ്റിക് സാധനങ്ങൾ ഉണ്ടാക്കുന്ന പ്ലാസ്റ്റിക്കിൻമേലും പെരിപ്പുകൾ ഉണ്ടാക്കുന്നതിനു വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങുന്ന റബ്ബർ ഷീറ്റിൻമേലും ഈടാക്കി വരുന്ന ഉയർന്ന നികുതി നിരക്കുകളും വെട്ടിക്കുറച്ച് സംസ്ഥാനാന്തര വ്യാപാരവേളയിൽ ഈടാക്കുന്ന 4 ശതമാനം നിരക്കിനോട് തുല്യമാക്കുന്നതാണ്''.

ഗവൺമെൻറിനെ ഇതിന് പ്രേരിപ്പിച്ച ഘടകങ്ങളിൽ ഒന്നാണ്. അതുപോലെ തന്നെ വൻകിടയും ഇടത്തരവും റബ്ബർ വ്യവസായ സ്ഥാപനങ്ങളും കേരളത്തിനകത്തുനിന്ന് വാങ്ങിക്കുന്ന റബ്ബറിൻമേൽ ഈടാക്കിക്കൊണ്ടിരിക്കുന്ന നികുതി നിരക്കിലും കുറവ് വരുത്തുന്നതിന് പിന്നിലുള്ള ഘടകങ്ങളിൽ ഒന്നാണ്. ഗവൺമെൻറ് സീരിയസായിട്ട് ഇത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആവശ്യമായ നടപടികളും ആ പരിശോധനയുടെ റിപ്പോർട്ടു കിട്ടിയതിനുശേഷം ഗവർമെൻറ് സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അതുപോലെ ബഹുമാനപ്പെട്ട ജോസഫ് ഒരു കാര്യം പറയുകയുണ്ടായി. നികുതി വെട്ടിപ്പുകളും നടത്തുന്നു എന്ന്. എനിക്ക് ബഹുമാനപ്പെട്ട ജോസഫിനോട് ഒരു കാര്യമെ അഭ്യർത്ഥിക്കാനുള്ളു. രണ്ടു സ്വരത്തിൽ സംസാരിക്കരുത്. ഇന്നലെ ബഹുമാനപ്പെട്ട ജോസഫ് പറഞ്ഞത് ചില റെയിഡുകളും കാര്യങ്ങളും നടന്നപ്പോൾ അതിനകത്ത് ഇതിനകത്ത് രാഷ്ട്രീയമുണ്ടെന്നാണ്. ഞാൻ അതിനകത്ത് രാഷ്ട്രീയമില്ലെന്നു പറഞ്ഞു.

ശ്രീ. പി. ജെ. ജോസഫ്: ഇങ്ങനെ ട്വിസ്റ്റ് ചെയ്തു എന്തിനാണ് പറയുന്നത്. ഒരു സദുദ്ദേശത്തോടു കൂടി ഒരു കാര്യം പറഞ്ഞാൽ രണ്ടു സ്വരത്തിൽ എന്നു പറയരുത്. ശ്രീ. മാണി ഇങ്ങനെ പറയാനെ പഠിച്ചിട്ടുള്ളു.

ശ്രീ. കെ. എം. മാണി: എനിക്ക് ഒരു കാര്യം പറയാനുള്ളത് ഇതു മാത്രമേയുള്ളു. ബില്ലുകളെ സംബന്ധിച്ചിടത്തോളം ബില്ലെഴുതാതെ സാധനങ്ങൾ കൊടുക്കുന്നത് നിയമവിരുദ്ധമാണ്, പ്രോസിക്യൂഷനു വിധേയമാണ്. പ്രോസിക്യൂട്ട് ചെയ്താൽ കുറ്റമാണ്. അങ്ങനെ ബില്ല് എഴുതാതെ നമ്മുടെ രാജ്യത്ത് (ഉദ്യോഗസ്ഥൻമാർ പരിശോധന നടത്തുന്നുണ്ട്) ഏതെങ്കിലും ട്രേയിഡ് വിൽപ്പന നികുതിക്ക് വിധേയമായി സാധനങ്ങൾ വിൽക്കുന്നു എന്നു ചൂണ്ടിക്കാണിച്ചാൽ നിയമപരമായി മുഴുവൻ നടപടികളും നടത്തും. ഇതിൽ ബഹുമാനപ്പെട്ട ജോസഫിന് അഭിപ്രായ വ്യത്യാസമില്ല എന്നു ഞാൻ വിചാരിക്കുന്നു. രണ്ടാമത് ഇത് കർക്കശമാക്കിയിരിക്കുകയാണ് അടുത്തകാലത്ത്. നമ്മുടെ സെൻട്രൽ ഇൻറലിജൻസ് സ്കാഡ് ഉണ്ട്. നമ്മുടെ 13 ജില്ലകളിലും ഡിസ്ട്രിക്റ്റ് ഇൻറലിജൻസ് സ്കാഡ് ഉണ്ട്. ആ ഡിസ്ട്രിക്റ്റ് ഇൻറലിജൻസ് സ്കാഡ് കടകളും പരിശോധന നടത്തുന്നു റെയിഡുകളും നടത്തുന്നു. സെൻട്രൽ ഇൻറലിജൻസ് സ്കാഡുമായി ചേർന്നുകൊണ്ട് ജോയിൻറ്സ് റെയിഡുകളും നടത്തുന്നു. അങ്ങനെ കടകളൊക്കെയും പരിശോധിച്ച്, ഭൂമി പരിശോധിച്ച്, തോട്ടങ്ങളും പരിശോധിച്ച് ഈ നികുതി വെട്ടിപ്പുകളും തടയുന്നതിനുള്ള കർശനമായ നടപടികളും ഗവൺമെൻറ് സ്വീകരിച്ചു വരികയാണ്.

ശ്രീ. പി. ജെ. ജോസഫ്: ഈ സംവിധാനം ഒക്കെയുള്ള സമയത്തുതന്നെ ഇപ്പോഴും ഒരു പട്ടണത്തിൽ ചെന്നാൽ 10-200 ആളുകളും ക്യൂ നിൽക്കുന്ന ചില കൗണ്ടറുകളിൽ ബില്ലു വേണമോ വേണ്ടയോ എന്ന് പരസ്യമായി

LIBRARY ARCHIVES Kerala Legislative Assembly

പോദിക്കുന്നതായി കാണാം. ഒരു പരിശോധനയും വേണ്ട. ഇങ്ങനെയുള്ള കാര്യങ്ങളാണ് നടക്കുന്നത് ആരും അറിയാതെ ആണെന്നാണോ പറയുന്നത്.

ശ്രീ. കെ. എം. മാണി: സ്പീക്കിംഗ് സ്റ്റേറ്റുമെന്റ്സ് വന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഗവൺമെന്റുമായി ജോസഫ് സഹകരിക്കുന്നുവെങ്കിൽ ഞാൻ പ്രതിപക്ഷവുമായി സഹകരിക്കാൻ തയ്യാറാണ്. ഗവൺമെന്റ് തയ്യാറാണ്. ഗവൺമെന്റിന്റെ നയം നികുതി വെട്ടിപ്പ് അവസാനിപ്പിക്കുക എന്നതാണ്. ഈ രാജ്യത്ത് നികുതി വെട്ടിപ്പുകാരും ഇല്ല എന്ന് എനിക്ക് അഭിപ്രായമില്ല, ചില വമ്പൻമാർ ഈ രാജ്യത്ത് നികുതി വെട്ടിപ്പ് നടത്തുന്നുണ്ട്. ആ വൻകിടക്കാരായ ആളുകളുടെ നികുതി വെട്ടിപ്പ് കണ്ടുപിടിച്ചുകൊണ്ട് ശക്തമായ നടപടികളും സ്വീകരിക്കുന്നതിനുവേണ്ടി സ്കാഡുകളെ ഇറക്കിയിരിക്കുകയാണ്. ഇനി വീണ്ടും അത് ടൈറന്റ് ചെയ്യാൻ ആയിട്ട് ഗവൺമെന്റ് പോവുകയാണ്. സഹകരിച്ചാൽ മതി, ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടാത്ത, ഉദ്യോഗസ്ഥൻമാരുടെ ശ്രദ്ധയിൽപ്പെടാത്ത കാര്യത്തിന് ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ കൂട്ടുനിൽക്കുന്നു എന്നു കരുതുക. അത് തുറന്നു പറയണം. തീർച്ചയായും അതാണ് സഹകരണം. ഏതെങ്കിലും ഉദ്യോഗസ്ഥൻ കൂട്ടുനിൽക്കുന്നു എങ്കിൽ ഏതെങ്കിലും ഒരു വ്യാപാരി നിയമവിരുദ്ധമായി പ്രവർത്തിക്കുന്നുവെങ്കിൽ അറിയാവുന്ന കാര്യങ്ങളും ഗവൺമെന്റിനെ അറിയിക്കണം. തീർച്ചയായും ഗവൺമെന്റ് അതിന് അങ്ങേയറ്റത്തെ പരിഗണന കൊടുത്തുകൊണ്ട് കൃതഞ്ജതാപൂർവ്വം അതിനെ സ്മരിച്ചുകൊണ്ട് അതിൻമേലുള്ള നടപടികളും ഗവൺമെന്റ് എടുക്കും എന്നുള്ളതിൽ ജോസഫിന് ഒരു ശങ്കയും വേണ്ട. അതുകൊണ്ട് ജോസഫ് ഗവൺമെന്റുമായി സഹകരിക്കണം. ഈ വിഷയം കോൺട്രീറ്റ് ആയിട്ട് എന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ കൊള്ളാമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ഞാൻ പറഞ്ഞു വന്നത് ഇങ്ങനെ നടത്തുമ്പോഴും ഈ രാജ്യത്തെ വ്യാപാരികളിൽ വളരെയധികം പേരും കാണും. അവർ പല രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട ആളുകളായിരിക്കും. കച്ചവടക്കാർ ആരെങ്കിലും ഒരു രാഷ്ട്രീയപ്പാർട്ടിയിൽപ്പെട്ടവരാണോ? വൻകിടക്കാർ എല്ലാപേരും ഒരു രാഷ്ട്രീയപ്പാർട്ടിയിൽപ്പെട്ടവരാണോ? കൃഷിക്കാർ ഒരു രാഷ്ട്രീയപ്പാർട്ടിയിൽപ്പെട്ടവരാണോ? വൻകിടക്കാരായ ആളുകളുടെ മേൽറെയിഡുകളും മറ്റും ആരംഭിക്കുമ്പോഴും പലപ്പോഴും പല രാഷ്ട്രീയപ്പാർട്ടിയിൽപ്പെട്ട ആളുകളും അവർക്ക് സ്വാധീനമുള്ള ആളുകളും ഇടപെടും എവിടെയെങ്കിലും തൊട്ടുപോയാൽ ഉടൻ തന്നെ (ഞാൻ ജോസഫ് പറഞ്ഞു എന്നല്ല പറയുന്നത്) അതിനകത്ത് വൈരനിര്യാതനബുദ്ധിയോടുകൂടി പ്രവർത്തിക്കുന്നതാണെന്നുള്ള തെറ്റിദ്ധാരണ ഉണ്ടാവരുത്. എന്നാൽ മാത്രമേ ഇതിനെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ. നികുതി വെട്ടിപ്പ് അവസാനിപ്പിക്കണം. നികുതി വെട്ടിപ്പിനെ സംബന്ധിച്ചിടത്തോളം വളരെ വളരെ ഗൗരവമായി ഈ ഗവൺമെന്റ് അതിൻമേൽ നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ വരുമാനം ഒരു കാരണവശാലും ഒരിക്കലും കുറയാൻ സമ്മതിക്കുന്നതല്ലെന്നു മാത്രമേ ഞാൻ ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം പറയാൻ ആഗ്രഹിക്കുന്നുള്ളൂ. മറ്റു പ്രധാനപ്പെട്ട വിമർശനങ്ങളൊന്നും ഇവിടെ വന്നില്ല.

ശ്രീ. പി. ജെ. ജോസഫ്: അപ്പീലുകളുടെ കാര്യത്തിൽ വളരെയധികം പെൻറിംഗ് ഉണ്ട്. അത് ഡിസ്പോസ് ചെയ്യാനുള്ള സത്വര നടപടി സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: പെൻഡിംഗ് അപ്പീൽ കിടപ്പുണ്ടായിരുന്നു. അതെല്ലാം ഒരു കാലാവധിവച്ച് തീർക്കണമെന്നു പറഞ്ഞിരുന്നു. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഈ വർഷം ഞാൻ ആ കാര്യങ്ങൾ പരിശോധിച്ചു. പരിശോധനയിൽ എനിക്ക് മനസ്സിലായി അസിസ്റ്റൻറ് അപ്പലേറ്റ് കമ്മീഷണേഴ്സ് സ്റ്റാഫ് കുറവാണ് എന്ന് പറഞ്ഞത്. ഇതൊരു കളക്ടിംഗ് ഡിപ്പാർട്ടുമെൻറാണ്. വാസ്തവത്തിൽ സെയിൽസ് ടാക്സും ഇൻകംടാക്സും ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങൾ ഞാൻ പരിശോധിച്ചപ്പോൾ എനിക്ക് മനസ്സിലായി ആവശ്യത്തിനുള്ള സ്റ്റാഫ് ഇല്ലെന്ന്. പഴയകാലം മുതലുള്ള ഒരുപാട് അരിയേഴ്സുണ്ട്. ഈ അരിയേഴ്സ് തീർക്കുന്നതിനുവേണ്ടി ഈ വർഷം ഗവൺമെൻറ് കൂടുതൽ പോസ്റ്റുകൾ ക്രിയേറ്റുചെയ്തുകൊണ്ട് ഫൈനൽ അസസ്മെൻറ് കെട്ടിക്കിടക്കുന്നത് ധൃതഗതിയിൽ പൂർത്തിയാക്കുന്നതിനും അപ്പീൽ കേൾക്കാനും പഴയകാലത്തെ കുടിശ്ശിക അക്യുമുലേറ്റ് ചെയ്തിട്ടുള്ളത് അവസാനിപ്പിക്കുന്നതിനുംവേണ്ടി എത്രയുംവേഗം കേസുകൾകേട്ട് ഡിസ്പോസ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

മറ്റൊരുകാര്യം പറഞ്ഞത് ടാർജറിനെക്കുറിച്ചാണ്. ടാർജറ് ഉള്ളതുകൊണ്ട് മെറിറ്റിലേക്ക് കടന്നുകൊണ്ടുള്ള ഡിസിഷൻ ഉണ്ടാകുന്നില്ലയെന്നു പറഞ്ഞത് ശരിയല്ല. ടാർജറ് ഉണ്ട്. നമ്മുടെ നിയമസഭയിൽത്തന്നെ ഇത്ര ബില്ലുകൾ ഉണ്ട്. ഓരോ ബില്ലും ഇത്ര സമയത്തിനകം തീർക്കണം എന്ന് നമ്മൾ ഓരോ ക്രമീകരണം ചെയ്യും. ബിസിനസ് ട്രാൻസാക്ട് ചെയ്യുന്നതിനുവേണ്ടി നിയമസഭയിൽപ്പോലും ടൈം വയ്ക്കും. എന്നു പറഞ്ഞതുപോലെ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തിലും അസസ്മെൻറിൻെറ കാര്യത്തിലായാലും അപ്പീൽ കേൾക്കുന്ന കാര്യത്തിലായാലും ഡിസ്പോസലിനെ സംബന്ധിച്ചായാലും ടൈം ഫിക്സ് ചെയ്യും. ഉദ്യോഗസ്ഥൻമാർ ഇത്ര ടൈമിനകത്ത് ഇത്ര അപ്പീലുകൾ തീർക്കാൻ ശ്രദ്ധപതിപ്പിക്കേണ്ടതാണെന്ന് പറയും.

ശ്രീ. പി. സീതിഹാജി: ഇവിടെ ടാർജറ് കൊടുക്കുന്നത് കേസ് പൂർത്തിയാക്കാനോ അപ്പീൽ ഡിസ്പോസ് ചെയ്യാനോ അല്ല. ഇന്ന ഡിസ്ട്രിക്ടിൽനിന്ന് ഇത്ര കോടി ഉറുപ്പിക പിരിക്കണമെന്ന് ഗവൺമെൻറ് നിർദ്ദേശം കൊടുക്കുന്നു. ഇതിനുവേണ്ടി ഉദ്യോഗസ്ഥൻമാർ പല അക്രമങ്ങളും കാണിച്ച് ജനങ്ങളിൽനിന്നും പണമുണ്ടാക്കുന്നു.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട സീതിഹാജി പറഞ്ഞതിലേക്ക് ഞാൻ വരികയാണ്. ഇന്ന കാലാവധിക്കകം ഇത്രയിത്ര അപ്പീലുകൾ കേട്ടിരിക്കണമെന്ന് സാധാരണഗതിയിൽ ഉപദേശിക്കാറുണ്ട്. ചിലത് സാധിച്ചു എന്നു വരുകയില്ല. അതിൻെറ അർത്ഥം മെറിറ്റിലേക്ക് കടക്കുന്നില്ല എന്നില്ല. അതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമം ഒക്കെ നോക്കി ഫാക്ട്സ് ഒക്കെ നോക്കി നിയമാനുസരണം മാത്രമേ അപ്പീൽ കേൾക്കാറുള്ളൂ. ആ നിലയിൽ നികുതിദായകരെ സംബന്ധിച്ചിടത്തോളം അവരുടെ അവകാശം ഒരിക്കലും ബലികഴിക്കാൻ പാടില്ല. അവർക്ക് നീതി കൊടുക്കണമെന്നുള്ള നിർദ്ദേശം ഗവൺമെൻറ് കൊടുത്തിട്ടുണ്ട്. എവിടെയെങ്കിലും പാകപ്പിഴകളുണ്ടെങ്കിൽ വീണ്ടും അപ്പീലിനുള്ള സ്വാഭാവ്യം ഉണ്ട്. ഏതെങ്കിലും കേസുകൾ പ്രത്യേകിച്ച് ചൂണ്ടിക്കാണിച്ചാൽ അതിനെ സംബന്ധിച്ച് പരിശോധിക്കാം. ബഹുമാനപ്പെട്ട സീതിഹാജി പറഞ്ഞതുപോലെ

ടാർജറുണ്ട്. അതാണ് ആസൂത്രണം എന്നു പറയുന്നത്. കേരള ഗവൺമെൻറിന് ഇത്തവണ 275 കോടി രൂപയുടെ പ്ലാനാണ് ഉള്ളതെന്നുണ്ടെങ്കിൽ അഡീഷണൽ റിസോഴ്സ് മൊബലൈസേഷൻ എത്രവേണം. എത്ര തുക ഉണ്ടാകണം ഇതെല്ലാം പ്ലാനാണ്. ബഡ്ജറിംഗ് എന്നുപറയുന്നത് അതാണ്. ഈ വർഷം എത്ര വരുമാനമുണ്ട്, എത്ര ചെലവു ചെയ്യണം, എത്ര മിച്ചം അല്ലെങ്കിൽ എത്ര കമ്മി ഇങ്ങനെ പ്ലാൻ ചെയ്താണ് പോകുന്നത്. അങ്ങനെ പ്ലാൻ ചെയ്യുമ്പോൾ കേരള സംസ്ഥാനത്തെത്തന്നെ ഇത്ര രൂപ ഉണ്ടാകണം. അങ്ങനെയാണെങ്കിൽ ചിലപ്പോൾ ടാർജറ് കൊടുക്കേണ്ടിവരും. കാരണം വിൽപ്പന നികുതി നിയമത്തിലെ ആകെയുള്ള റവന്യൂവിൻെറ 60 ശതമാനം നിങ്ങൾ കേട്ടാൽ അൽഭുതപ്പെടും—എറണാകുളം–മട്ടാഞ്ചേരിയിൽ നിന്നു മാത്രമാണ്. കഴിഞ്ഞ വർഷം പിരിഞ്ഞ 208 കോടി രൂപയുടെ സെയിൽസ് ടാക്സ് റവന്യൂ 60 ശതമാനം എറണാകുളം–മട്ടാഞ്ചേരി ഏരിയായിലാണ്. അവിടെയാണ് ഏറ്റവും കൂടുതൽ കമേഴ്സ്യൽ സെൻേറഴ്സുള്ളത്. നേരെമറിച്ച് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ വിൽപ്പനനികുതി ഉദ്യോഗസ്ഥൻമാരെ വിളിച്ചുകൂട്ടി അവർക്ക് നിർദ്ദേശം കൊടുക്കുമ്പോഴെല്ലാം അവർക്ക് ഈകുലത്തയിട്ടല്ലല്ലോ ഡിവൈഡ് ചെയ്യുന്നത്. അപ്പോൾ ഓരോ ജില്ലയിൽ ഇത്ര, ഓരോ പ്രദേശത്ത് ഇത്ര, ഓരോരുത്തർക്ക് ഇത്ര എന്നു ക്രമീകരിച്ച് ബഡ്ജറ് ചെയ്തുകൊടുക്കുന്നു എന്നു മാത്രമേയുള്ളു. ആ ടാർജറിലേക്ക് എത്താൻ അവർ ശ്രമിക്കണം.

ഞാൻ ഒരുകാര്യം സഭയ്ക്ക് ഉറപ്പുനൽകിയിട്ടുണ്ട്. ഒരിക്കലും ടാർജറ് എത്തിയില്ലെന്നപേരിൽ ഒരാളെ ശിക്ഷിക്കുകയില്ല. പക്ഷെ, ടാർജറിൽ എത്തണമെന്നുള്ള ഒരു നിർദ്ദേശം പാലിക്കാൻവേണ്ടി നികുതികൊടുക്കാൻ ബാദ്ധ്യസ്ഥരല്ലാത്ത ആളുകളെ കുനിച്ചുനിർത്തി നികുതി ചുമത്തുകയും നികുതി ഈടാക്കുകയും ചെയ്യുന്ന പരിപാടിക്ക് ഗവൺമെൻറിന് ആഭിമുഖ്യമില്ല. പക്ഷെ നികുതികൊടുക്കാൻ ബാദ്ധ്യസ്ഥരായ ആളുകളും അവർ കൊടുക്കേണ്ട മുഴുവൻ നികുതിയും, അവസാനത്തെ പൈസവരെ അവർ ഗവൺമെൻറിലേയ്ക്ക് അടയ്ക്കണം. അതിനിടക്ക് നികുതിദായകർക്ക് ബുദ്ധിമുട്ടില്ലാതെ ഗവൺമെൻറിന് നഷ്ടമില്ലാതെ ഗവൺമെൻറിൻേറയും നികുതിദായകൻെറയും താൽപ്പര്യം പരസ്പരം പൊരുത്തപ്പെടുത്തിക്കൊണ്ട് നികുതി ഘടനയെ സംബന്ധിച്ചും നികുതി പിരിവിനെ സംബന്ധിച്ചും ഒരു പ്ലാൻ ഗവൺമെൻറിനുണ്ട്. പ്ലാനിൻെറ അടിസ്ഥാനത്തിലാണ് ടാർജറ് ഫിക്സ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് അക്കാര്യത്തിൽ ആർക്കും ആശങ്കവേണ്ട. എവിടെയെങ്കിലും അനീതിയുണ്ടെന്ന് ബഹുമാനപ്പെട്ട സീതിഹാജി വാക്കാൽ പറഞ്ഞാൽ അതു പരിഹരിക്കുന്നതിന് നടപടി എടുക്കുന്നതിൽ ബുദ്ധിമുട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പറൻമാർ മുന്നോട്ടുവെച്ച നിർദ്ദേശങ്ങളും ഗവൺമെൻറ് ഒരിക്കലും തള്ളിക്കളയുകയില്ല. ഈ നിർദ്ദേശങ്ങളിൽ കുറെയൊക്കെ കാര്യങ്ങളുണ്ട്. കുറെയൊക്കെ അതിശയോക്തിയും കാണും. കുറെയൊക്കെ അടിസ്ഥാന രഹിതമായ കാര്യങ്ങളും തെറ്റിദ്ധാരണകളും ഉണ്ട്. എന്തായാലും ഇതെല്ലാം വിലപ്പെട്ട നിർദ്ദേശങ്ങളാണ്. അതെല്ലാം പരിശോധിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് ഉറപ്പുനൽകിക്കൊണ്ട് ഈ ബിൽ എല്ലാവരുംകൂടി പാസ്സാക്കിത്തരണമെന്ന് വീണ്ടും അഭ്യർത്ഥിക്കുന്നു.

The amendment moved by Shri N. Sundaran Nadar was, by leave, withdrawn.

LIBRARY, ARCHIVES Kerala Legislative Assembly

The amendment moved by Shri P. P. Esthose was by leave withdrawn.

The question that the Kerala General Sales Tax (Amendment) Bill, 1981 as reported by the Subject Committee be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 to 9

The question that clauses 2 to 9 stand part of the Bill was put and carried.

Clauses 2 to 9 were added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, preamble and Title were added to the Bill.

Minister of Finance and Law (**Shri K. M. Mani**): Sir, I move that the Bill be finally passed.

Minister of Home (**Shri T. K. Ramakrishnan**). Sir, I second it.

ശ്രീ. പി. സീതിഹാജി: സർ, ഈ ബില്ലിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസംഗം ഞാൻ കേട്ടു. അദ്ദേഹം പറഞ്ഞത് ഈ ബില്ലുകൊണ്ട് ഈ രാജ്യത്തെ കച്ചവടക്കാർക്കും മറ്റ് ജനങ്ങൾക്കും വളരെ ഗുണമുണ്ടാകുമെന്നാണ്. പക്ഷെ ഈ ബില്ലുകൊണ്ട് ഗുണത്തേക്കാളും ദോഷമാണ് ഞാൻ കാണുന്നത്. ഇത് പസ്സാക്കാൻ പാടില്ല. ബഹുമാനപ്പെട്ട മന്ത്രി അമ്പതിനായിരം രൂപയുടെ ടേണോവറിന്റെ കാര്യം പറഞ്ഞു. ഇന്ന് അൻപതിനായിരം രൂപയുടെ കാര്യം എന്താണ്? ഒരു പാക്കറ്റ് വിൽസ് സിഗറ്റ് വിൽക്കുന്ന ഒരു കടക്കാരൻ, അയാൾക്ക് കൊല്ലത്തിൽ നാൽപ്പത്തെണ്ണായിരം രൂപ ടേണോവർ ഉണ്ട്. അയാളെ എവിടെ ഒഴിവാക്കും? മുപ്പത്തയ്യായിരം അൻപതിനായിരമായില്ലേ എന്നും ചോദിക്കും. വിലവർദ്ധനവൊന്നും കണക്കിലെടുക്കുകയില്ല. ഇതാണ് ഇന്നത്തെ സ്ഥിതി.

പിന്നെ, അദ്ദേഹം ഞാൻ പറഞ്ഞ ടാർജറ്റിന്റെ കാര്യം പറഞ്ഞു. നിങ്ങൾക്ക് പ്ലാനുണ്ട് ഞാൻ സമ്മതിക്കുന്നു. നേരെമറിച്ച് ഒരു കച്ചവടക്കാരൻ അൻപതിനായിരം രൂപയുടെ സാധനം സ്റ്റോക്ക് ചെയ്താൽ ആ മാസമോ അടുത്തമാസമോ ആ കൊല്ലമോ അത് സെയിൽസ് നടത്തിയില്ലെങ്കിൽ സെയിൽസ് ടാക്സ് കൊടുക്കണം. ഇതെന്തു വിരോധാഭാസമാണ്. ഇതാണ് ഈ രാജ്യത്ത് നടക്കുന്നത്. സ്കാഡ് ഉണ്ട്. നാട്ടിൻ പുറങ്ങളിൽ പല വീടുകളിലുംചെന്ന് ഒരു നാളികേരം, രണ്ടു നാളികേരം ഇങ്ങനെ നൂറു നാളികേരം വൈകുന്നേരംവരെ ശേഖരിച്ച് എവിടെയെങ്കിലും കൊണ്ടുപോയി ഇട്ടു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വിജിലൻസ് സ്കാഡ് അതു പിടിക്കും. വൻകിടക്കാരനല്ല പാവപ്പെട്ടവനാണ്.

LIBRARY ARCHIVES Kerala Legislative Assembly

ദിവസം നൂറു നാളികേരം വിറ്റാൽ ഇരുന്നൂറു രൂപയുണ്ട്. മാസം ആറായിരം രൂപയായി. കൊല്ലത്തിൽ 72,000 രൂപയായി. അങ്ങിനെ അഞ്ചു കൊല്ലം കഴിഞ്ഞു. ഇങ്ങനെ പറഞ്ഞ് അവരെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഇതൊക്കെയാണ് ഞങ്ങളം പറയുന്നത് ശാസ്ത്രീയമായിട്ടാണ് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റു നടക്കുന്നത്. എന്നാൽ പത്തും പന്ത്രണ്ടും കൊല്ലമായി ഡിസിഷൻ എടുക്കാത്ത അപ്പീലുണ്ട്. അത് ഡിസൈഡ് ചെയ്യിക്കാൻ എന്തുമാർഗ്ഗമുണ്ട്. സർക്കാരിന് കിട്ടാനുള്ള രൂപ കിട്ടാതിരിക്കുന്നു. ഒരാൾ ഒരു സാധനം പർച്ചേയ്സ് ചെയ്താൽ അതിന്റെ മൂന്നിരട്ടി സെയിൽസ് വേണമെന്നുപറഞ്ഞിട്ടാണ് അസസ് ചെയ്യുന്നത്. ഇങ്ങനെ കച്ചവടക്കാരെ ബുദ്ധിമുട്ടിക്കുന്നു. അതുകൊണ്ട് ഇതൊക്കെ ഏകമുഖനികുതിയാക്കണം. 80 ശതമാനമാക്കിയെന്ന് മന്ത്രിതന്നെ അവകാശപ്പെടുന്നു. ബാക്കിയുള്ള സാധനങ്ങൾക്കുകൂടി ഏകമുഖമാക്കിയാൽ വരുമാനംകിട്ടും. ഇല്ലെങ്കിൽ ഒരുപാടു ധനം നഷ്ടപ്പെടും. കച്ചവടക്കാർ അവരുടെ സാമർത്ഥ്യം ഉപയോഗിക്കുന്നുണ്ടാവും. ചെറുകിടക്കാർക്കും പാവപ്പെട്ടവർക്കും ഒക്കെയാണ് ഇതുകൊണ്ട് ബുദ്ധിമുട്ടുള്ളത്. അതുകൊണ്ട് ഈ ബിൽ ബഹുമാനപ്പെട്ട മന്ത്രി പിൻവലിച്ചിട്ട് ജനങ്ങൾക്ക് ഉപകാരപ്രദമായ സർക്കാർ ഖജനാവിന് പണം മുതൽക്കൂട്ടുന്ന നല്ലൊരു ബിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഞാൻ സൗമനസ്യത്തിന്റെ സഹായഹസ്തം നീട്ടിയപ്പോൾ ബഹുമാനപ്പെട്ട സീതി ഹാജിയിൽനിന്ന് മൂന്നാം വായനയിൽ ഇങ്ങനെയൊരു പ്രസംഗം പ്രതീക്ഷിച്ചില്ല സർ. ദൗഷ്യമാണ് ഈ ബില്ലുകൊണ്ട് എന്നാണ് അദ്ദേഹം പറയുന്നത്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: സർ, ഈ ബില്ല് സ്വാഗതാർഹമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ചെറുകിടക്കാർക്ക് ആനുകൂല്യം നൽകുന്നതാണ്. സർക്കാരിന്റെ കഴിവിനകത്തു നിന്നുകൊണ്ട് ആനുകൂല്യം നൽകിയിട്ടുണ്ട്.

അതൊടൊപ്പംതന്നെ മറ്റൊരു കാര്യം കൂടി എനിക്കു പറയാനുണ്ട്, നികുതി കൂടുതൽ പിരിക്കുന്ന കാര്യത്തിൽ കാര്യക്ഷമമായ, ഫലപ്രദമായ പ്രവർത്തനം ഗവൺമെന്റുദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. അഴിമതിക്കാരായ ആളുകൾ ഉണ്ടെങ്കിൽ അവർക്കെതിരായി കർശനമായ നടപടികൾ എടുക്കേണ്ടതാണെന്നുള്ള കാര്യത്തിൽ സംശയമില്ല. നേരെമറിച്ച് സത്യസന്ധമായി സഹകരണമനോഭാവത്തോടുകൂടി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവർക്കു ജോലി കൂടുതലാണ്, വേണ്ടത്ര സ്റ്റാഫില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു. അത് പല കമ്മിറ്റി റിപ്പോർട്ടുകളിലും വ്യക്തമാക്കിയിട്ടുണ്ട്. പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിപോലും പറഞ്ഞിട്ടുള്ളതാണ്, ആവശ്യമായ ഉദ്യോഗസ്ഥന്മാർ ഈ വകുപ്പിലില്ല അതുകൊണ്ട് അതു കൊടുക്കണമെന്ന്. അതുകൊണ്ടുതന്നെ ഈ ഉദ്യോഗസ്ഥന്മാർ സമരത്തിലായിരുന്നു. സമരം ഒത്തുതീർപ്പിലായി. പക്ഷെ ഒത്തുതീർപ്പുവ്യവസ്ഥകൾ വേണ്ടപോലെ നടപ്പാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ ആത്മാർത്ഥമായി, സഹകരണമനോഭാവത്തോടുകൂടി പ്രവർത്തിക്കുന്ന ഉദ്യോസ്ഥന്മാർക്ക് അസംതൃപ്തിയുണ്ട്. സെയിൽസ് ടാക്സ് പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് ഉദ്യോഗസ്ഥന്മാരുടെ സഹകരണം ആവശ്യമുണ്ട്. അതുകൊണ്ട് ഉദ്യോഗസ്ഥന്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ആത്മാർത്ഥമായ ഒരു സമീപനം ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അനുഭാവപൂർണ്ണമായ, അനുകമ്പാപൂർണ്ണമായ ഒരു സമീപനം ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട സീതിഹാജി ഈ ബിൽ ദോഷകരമാണെന്നു പറഞ്ഞു. അതിന് മറുപടി പറയേണ്ട കാര്യമില്ല. പരിധി ഉയർത്തിക്കൊടുക്കുകയും ഇത്രയും റിലീഫ് കൊടുക്കുകയും ചെയ്തിട്ടും ദോഷകരമാണെന്നാണ് പറഞ്ഞത്. കുറച്ചുകൂടി ആനുകൂല്യം വേണമെന്നു പറഞ്ഞാൽ മനസ്സിലാക്കാം. 35,000 രൂപ 50,000 രൂപ ആക്കിയതിലുള്ള പ്രയോജനം ചെറുകിട വ്യാപാരികൾക്കുണ്ട്. കണക്കെഴുതുകയും മറ്റും ചെയ്യുന്ന ബുദ്ധിമുട്ടിൽനിന്നും അവരെ ഒഴിവാക്കാൻ വേണ്ടിയാണ് ഇത് ചെയ്തത്. ഇൻഫ്ളേഷൻ ഉണ്ടായിട്ടുണ്ട്. 35,000 രൂപ വരെ ഉണ്ടായിരുന്ന ഒഴിവു പരിധി നേരത്തെ ഈ ആനുകൂല്യം ലഭിച്ചിരുന്ന അത്രയും പേർക്കെങ്കിലും കിട്ടണമെങ്കിൽ അൻപതിനായിരം രൂപയാക്കി ഉയർത്തണം. അങ്ങനെ അൻപതിനായിരം ആക്കി ഉയർത്തിയതിന്റെ ഫലമായി കഴിഞ്ഞ കാല ഘട്ടങ്ങളിൽ ഒഴിവു കിട്ടിയിരുന്ന അത്രയും പേർക്കും ഒഴിവു കിട്ടുമെന്നു മാത്രമല്ല ഇപ്പോൾ കുറെ ആളുകൾക്കു കൂടി ഒഴിവു കിട്ടും.

സർ, ഈ നികുതി കൊടുക്കുന്നതിൽ വേദനിക്കാൻ ഒന്നുമില്ല. വ്യാപാരികൾ അവന്റെ കൈയിൽനിന്നല്ല ഈ കാശു കൊടുക്കുന്നത്. ഈ വിൽപനനികുതി കൊടുക്കുന്നത് ഉപഭോക്താക്കളാണ്. അവരുടെ കൈയിൽനിന്ന് വാങ്ങിക്കുന്ന പൈസ ഗവൺമെൻറിലേക്ക് തരണമെന്നുള്ളതാണ്. അതിന് വ്യാപാരികളെ സംബന്ധിച്ചിടത്തോളം കണക്കുവേണം, ബില്ലുവേണം. ചെറുകിടക്കാരായ മുറുക്കാൻ കച്ചവടക്കാർക്കും മറ്റും അതിൽ ബുദ്ധിമുട്ടുണ്ട്. അവരെ അതിൽ നിന്നും ഒഴിവാക്കി. അൻപതിനായിരം രൂപയ്ക്കു മുകളിൽ ടേണോവറുള്ള വ്യാപാരികൾക്ക് പരിധി ഉയർത്തിയതുകൊണ്ട് ബുദ്ധിമുട്ട് ഉണ്ട് എന്നു പറയുന്നത് ശരിയല്ല. ഉപഭോക്താവിന്റെ പണമാണ്. അത് അടച്ചുതീർക്കുക എന്നുള്ളതാണ്. ഈ കഴിഞ്ഞ വർഷംതന്നെ, 1980–81–ൽതന്നെ സപ്രഷൻ ഡിറെക്ടു ചെയ്തതിന്റെ ഫലമായി, നികുതി വെട്ടിപ്പ് തടഞ്ഞതിന്റെ ഫലമായി 19 കോടി രൂപ നമ്മുടെ ഖജനാവിൽ വന്നുചേർന്നു. നികുതി വെട്ടിപ്പ് നടത്തിയതിന്റെ രേഖകൾ കണ്ടുപിടിച്ചതിന്റെ ഫലമായാണ് ഇത്രയും വമ്പിച്ച ഒരു തുക നമ്മുടെ ഖജനാവിലേക്ക് ഉണ്ടാക്കാൻ നമ്മുടെ ഉദ്യോഗസ്ഥന്മാർക്ക് കഴിഞ്ഞത്. അത് ഏറ്റവും ആശ്വാസകരമായ ഒരു കാര്യമാണ്. വാസ്തവത്തിൽ നമ്മുടെ ഉദ്യോഗസ്ഥന്മാർ ആ നിലയിൽ വളരെ വളരെ കാര്യക്ഷമമായ പ്രവർത്തനം നടത്തിയിട്ടുണ്ടെന്നുള്ളതു ഏറ്റവും ആശ്വാസകരമായ ഒരു കാര്യമാണ്.

സർ, പതിനാലായിരത്തി എണ്ണൂറു കടകൾ കഴിഞ്ഞ വർഷം പരിശോധിച്ചു. 10037 കേസുകൾ ബുക്കുചെയ്തു. അതിന്റെ ഫലമായിട്ടാണ് ഇത്രയും ഡിറെക്ഷൻ ഉണ്ടായത്. കഴിഞ്ഞ വർഷം 208 കോടിരൂപ സെയിൽസ്ടാക്സ് ഇനത്തിൽ വരുമാനമുണ്ടായി. ഈ ഗവൺമെൻറ് വളരെയേറെ നിഷ്കർഷ കാണിച്ചതിന്റെയും ഉദ്യോഗസ്ഥന്മാർ ആത്മാർത്ഥമായി സഹകരിച്ചു പ്രവർത്തിച്ചതിന്റെയും ഫലമായിട്ടാണ് ഇത്രവലിയൊരു വരുമാനം ഉണ്ടായത്. ഉദ്യോഗസ്ഥന്മാർ കാര്യക്ഷമമായി പ്രവർത്തിച്ചതിന്റെ പേരിൽ അവരെ അനുമോദിക്കേണ്ടതാണ്. നിയ്ട്ട

LIBRARY ARCHIVES Kerala Legislative Assembly

വിരുദ്ധമായും നീതിക്കു വിരുദ്ധമായുമൊക്കെ ചില ഒറ്റപ്പെട്ട പ്രവൃത്തികൾ കണ്ടേക്കാം. അതൊക്കെ പരിശോധിച്ചു നടപടി സ്വീകരിക്കേണ്ടതുമാണ്. ഇത്രയേ അക്കാര്യത്തെപ്പറ്റി പറയാനുള്ളൂ. ഈ രാജ്യത്തെ വ്യാപാരികളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കുന്ന ഒരു ഗവൺമെന്റാണിത്. ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുവേണ്ടി നിരവധി നടപടികൾ ഈ ഗവൺമെന്റ് പ്രഖ്യാപിച്ചതിന്റെ ഒരു ഭാഗമാണ് ഈ നടപടിയും. ഇത് ഫലപ്രാപ്തിയിൽകൊണ്ടുവരുന്നതിന് ഈ നിയമം ആവശ്യമാണ്. ഇതു പാസാക്കിത്തരണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറോടും മറ്റുള്ള മെംബർമാരോടും താഴ്മയായി അപേക്ഷിക്കുന്നു.

The question that the Kerala General Sales Tax (Amendment) Bill, 1981 be finally passed was put and carried.

The Bill was finally passed.

(ii) 1981-ലെ കേരള വനം (ഭേദഗതി) ബിൽ (ചർച്ചയുടെ തുടർച്ച)

ശ്രീ. ടി. എം. ജേക്കബ്: സർ, ഇന്നലെ ഈ ബില്ലിന്റെ ചർച്ചാവേളയിൽ ചില കാര്യങ്ങളൊക്കെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒന്നുരണ്ടു കാര്യങ്ങൾകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കാമെന്നു കരുതുകയാണ്. നമ്മുടെ സംസ്ഥാനത്ത് പ്ലാന്റേഷൻ പണം കണ്ടെത്തുന്നതിനുവേണ്ടി ഒരു ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഫണ്ട് രൂപീകരിക്കാൻ ആഗ്രഹിക്കുന്നുണ്ടെന്ന് ഇന്നലെ ഇവിടെ പറഞ്ഞു. അഞ്ചുശതമാനം ടാക്സ് കൂടുതലായി ഈടാക്കിക്കൊണ്ട് അതിൽ നിന്നു കിട്ടുന്ന ഒന്നരക്കോടി രൂപകൊണ്ട് ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഫണ്ട് രൂപീകരിക്കുകയും അതുപയോഗിച്ച് സോഫ്റ്റ്വുഡ് അടക്കമുള്ള പ്ലാന്റേഷൻ നടത്തുന്നതിനും റിസർച്ചിനുള്ള സൗകര്യങ്ങളുണ്ടാക്കുന്നതിനും പോകുകയാണെന്നു പറഞ്ഞു. സർ, 1978-ൽ വനംവകുപ്പുമന്ത്രിയായിരുന്ന ശ്രീ. കാന്തലോട്ടു കുഞ്ഞമ്പു ഈ നിയമസഭയിൽ ഒരു ബില്ല് അവതരിപ്പിച്ചു പാസാക്കിയിട്ടുണ്ട്. കേരള വനോല്പന്നം (വില്പനവില നിജപ്പെടുത്തൽ) നിയമം ആണ് അത്. വനോല്പന്നങ്ങളുടെ വില നിജപ്പെടുത്തുന്നതിനെക്കുറിച്ച് അതിൽ പറഞ്ഞിട്ടുണ്ട്. മലയാളത്തിൽ കൊണ്ടുവന്ന ബില്ലാണത്. അതിന്റെ പീഠികയിൽ പറഞ്ഞിരിക്കുന്നത്, "സംസ്ഥാനത്തെ വനസമ്പത്ത് കഴിയുന്നിടത്തോളം, പരമാവധി സംരക്ഷിക്കുന്നത് ആവശ്യമായിരിക്കുകയാലും; സംസ്ഥാനത്തെ വനങ്ങളുടെ ശരിയായ പുനരുദ്ധാരണവും സംരക്ഷണവും വനോല്പന്നങ്ങൾ ന്യായമായ നിരക്കുകളിൽ വിൽക്കുകയും അതിൽനിന്നു കിട്ടുന്നത് അങ്ങനെയുള്ള ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യാത്ത പക്ഷം സാധ്യമല്ലാതായിരിക്കുകയാലും; വനത്തിന്റെ നില്പനില്പുതന്നെ അതിന്റെ ശരിയായ പുനരുദ്ധാരണത്തെയും സംരക്ഷണത്തെയും ആശ്രയിച്ചിരിക്കുകയാലും; വനോല്പന്നങ്ങൾ പ്രത്യേകിച്ച് മുളയും യൂക്കാലിപ്റ്റസ് പോലെയുള്ള പണിത്തരത്തിനു കൊള്ളാത്ത മരങ്ങളും ഉൾപ്പെടെയുള്ള തടി, ന്യായരഹിതമായി കുറഞ്ഞ നിരക്കുകളിൽ വിറ്റുകൊണ്ടിരിക്കുകയാലും; ചില പ്രധാനപ്പെട്ട വനോല്പന്നങ്ങളുടെ വില്പനവില നിജപ്പെടുത്തുന്നതിലേക്കും അങ്ങനെയുള്ള ഉല്പന്നങ്ങൾ അപ്രകാരം നിജപ്പെടുത്തിയ വിലയിലും കുറവായി വിൽക്കുന്നത് നിരോധിക്കുന്നതിലേക്കും അതിന് ആനുഷംഗികമോ അഥവാ സഹായകമോ ആയ മറ്റു സംഗതികൾക്കും

LIBRARY ARCHIVES Kerala Legislative Assembly